# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ആയഞ്ചേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി 7/1644/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 24/11/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആയഞ്ചേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ആയഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആയഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി 7/1644/2023 തീയ്യതി: 24/11/2023

# കോഴിക്കോട് ജില്ലയിലെ ആയഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ആയഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 31-01-2023 മുതൽ 20-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ജോഷോ ബെന്നറ്റ് ജോൺ, കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 21-10-2023 | 31-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 21-10-2023 | 31-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ബാലകൃഷ്ണൻ കെ.എം,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ),
രാജീവൻ എൻ , സീനിയർ ഗ്രേഡ് ഓഡിറ്റർ,
ജാസിർ സി.എം,സീനിയർ ഗ്രേഡ് ഓഡിറ്റർ,
വിനിത ടി,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. കാട്ടിൽ മൊയ്തു മാസ്റ്റർ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. സുനീർകുമാർ എം,അസി.സെക്രട്ടറി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2022 | 28-04-2022 |
| ശ്രീ. സുമേഷ് കെ | സെക്രട്ടറി | 29-04-2022 | 14-02-2023 |
| ശ്രീ. സുജിത് പി.ടി,അസി.സെക്രട്ടറി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 15-02-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സുനീർകുമാർ എം | അസി.സെക്രട്ടറി | 01-04-2022 | 20-10-2022 |
| ശ്രീ.സുന്ദരൻ സി.കെ,ഹെഡ്ക്ലർക്ക് | അസി സെക്രട്ടറി ഇൻചാർജ് | 21-10-2022 | 26-10-2022 |
| ശ്രീ.സുജിത് പി.ടി | അസി.സെക്രട്ടറി | 27-10-2022 | 31-03-2023 |
| ശ്രീമതി പ്രിൻസിപ്രിയ ജി | കൃഷി ഓഫീസർ | 01-04-2022 | 07-07-2022 |
| ശ്രീമതി. വിജയലക്ഷ്മി സി.എച്ച് | കൃഷി ഓഫീസർ | 08-07-2022 | 13-07-2022 |
| ശ്രീമതി പ്രിൻസിപ്രിയ ജി | കൃഷി ഓഫീസർ | 14-07-2022 | 03-11-2022 |
| ശ്രീമതി സഫാന അസ്ഹർ | കൃഷി ഓഫീസർ | 04-11-2022 | 31-03-2023 |
| ഡോ.ലിനൂപ് എൻ.കെ | വെറ്ററിനറി സർജൻ | 01-04-2022 | 01-10-2022 |
| ഡോ.സുനികുമാർ സി | വെറ്ററനറി സർജൻ | 02-10-2022 | 21-01-2023 |
| ഡോ.ശ്രീജിത് | വെറ്ററിനറി സർജൻ | 22-01-2023 | 15-02-2023 |
| ഡോ.അപർണ്ണമാധവൻ | വെറ്ററിനറി സർജൻ | 16-02-2023 | 31-03-2023 |
| ഡോ.വിജിത് പി.കെ | മെഡിക്കൽ ഓഫീസർ ,എഫ്.എച്ച്.സി | 01-04-2022 | 04-05-2022 |
| ഡോ.ജിതിൻ കെ | മെഡിക്കൽ ഓഫീസർ ,എഫ്.എച്ച്.സി | 05-05-2022 | 27-05-2022 |
| ഡോ.ജ്യോതി കെ.എം | മെഡിക്കൽ ഓഫീസർ ,എഫ്.എച്ച്.സി | 28-05-2022 | 01-06-2022 |

| | | | |
|---|---|---|---|
| ഡോ.ഹൃദ്യ കെ.കെ | മെഡിക്കൽ ഓഫീസർ ,എഫ്.എച്ച്.സി | 02-06-2022 | 03-06-2022 |
| ഡോ.ജ്യോതി കെ.എം | മെഡിക്കൽ ഓഫീസർ ,എഫ്.എച്ച്.സി | 04-06-2022 | 09-06-2022 |
| ഡോ.സോന എ.പി | മെഡിക്കൽ ഓഫീസർ ,എഫ്.എച്ച്.സി | 10-06-2022 | 15-06-2022 |
| ഡോ.ഹൃദ്യ കെ.കെ | മെഡിക്കൽ ഓഫീസർ ,എഫ്.എച്ച്.സി | 16-06-2022 | 31-03-2023 |
| ഡോ.രാഗി എൻ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2022 | 31-03-2023 |
| ശ്രീ.അനിൽകുമാർ കെ.എം | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ.ബിജിത്കുമാർ | വി.ഇ.ഒ | 01-04-2022 | 31-03-2023 |
| ശ്രീ. അമർജിത് എ.എം | വി.ഇ.ഒ | 01-04-2022 | 31-03-2023 |
| ശ്രീമതി.നയന എം | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 01-04-2022 | 31-03-2023 |
| ശ്രീ.പ്രേംസാഗർ എ.വി | അസി.എഞ്ചിനീയർ | 01-04-2022 | 28-05-2022 |
| ശ്രീമതി ശുഭ | അസി.എഞ്ചിനീയർ | 29-05-2022 | 30-06-2022 |
| ശ്രീ.ഷിജിത് എ | അസി.എഞ്ചിനീയർ | 01-07-2022 | 22-08-2022 |
| ശ്രീ.ജോർജ് | അസി.എഞ്ചിനീയർ | 23-08-2022 | 31-03-2023 |
| ശ്രീ.നാസർ എ | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീ.വിഷ്ണുരാജ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 11-05-2022 |
| ശ്രീമതി. അഞ്ജലി എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 12-05-2022 | 19-12-2022 |
| ശ്രീമതി മഞ്ജുബാലകൃഷ്ണൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 20-12-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 3 | ക്യാഷ്-ഫ്ലോ പത്രിക പൊരുത്തപ്പെടാത്തത് സംബന്ധിച്ച് | 1-1-2 |
| 4 | രസീത് തെറ്റായ ശീർഷകത്തിൽ രേഖപ്പെടുത്തി | 1-1-3 |
| 5 | വരവുകൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. | 1-1-4 |
| 6 | ചെക്ക് തുകകൾ നാളിതുവരെ ക്രെഡിറ്റ് ആയില്ല. | 1-1-5 |
| 7 | ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല. | 1-1-6 |
| 8 | ഇ-ടെണ്ടർ ഫീ | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 11 | ഫണ്ട് വിനിയോഗം | 1-4 |
| 12 | ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ | 1-4-1 |
| 13 | പദ്ധതി അവലോകനം | 1-5 |
| 14 | ആഭ്യന്തരനിയന്ത്രണം | 1-6 |
| 15 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 16 | ടാക്സ് ഓഡിറ്റ് | 1-8 |
| 17 | കെട്ടിട നിർമാണ പെർമിറ്റിനുള്ള അപേക്ഷകളിൻമേൽ തുടർനടപടികൾ വൈകുന്നു. | 1-9 |
| 18 | ക്ഷേമപെൻഷൻ വിതരണത്തിലെ അപാകതകൾ | 1-10 |
| 19 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള ഉപകരണം-സോഷ്യൽ സെക്യൂരിറ്റി മിഷന് തുക കൈമാറൽ | 1-11 |
| 20 | ജീവതാളം പദ്ധതി -അപാകതകൾ | 1-12 |
| 21 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൾ മുഴുവൻ മരുന്നുകളും ലഭ്യമായില്ല. | 1-13 |
| 22 | ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയില്ല. | 1-14 |
| 23 | അങ്കണവാടികളിൽ അടിസ്ഥാനസൗകര്യങ്ങൾ സംബന്ധിച്ച് | 1-15 |
| 24 | വൃക്കരോഗികൾക്ക് മരുന്ന് വാങ്ങൽ -മരുന്ന് ലഭ്യമാകാത്തത് സംബന്ധിച്ച് | 1-16 |
| 25 | പൊതുമരാമത്ത് പ്രവർത്തികളുടെ ഇ ടെണ്ടർ ഫീസ് അടവാക്കുന്നതിൽ വീഴ്ച | 1-17 |
| 26 | വിദ്യാഭ്യാസ ആനുകൂല്യത്തിനായി എസ്.സി വിദ്യാർത്ഥികളോട് വരുമാന സർട്ടിഫിക്കറ്റ് വാങ്ങുന്നു | 1-18 |

| | | |
|---|---|---|
| 27 | പഞ്ചായത്തിൽ 'ടേക്ക് എ ബ്രേക്ക്' ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചില്ല | 1-19 |
| 28 | ആസൂത്രണ നിർവ്വഹണ ചെലവ് - പ്രിന്റിംഗിന് അധിക തുക ചെലവഴിച്ചു | 1-20 |
| 29 | അംഗൻവാടികൾക്ക് കുഴൽക്കിണർ - പ്രവൃത്തി ആരംഭിച്ചില്ല | 1-21 |
| 30 | പ്രൊക്വയർമെന്റ് മാന്വലിലെ വ്യവസ്ഥകൾ പാലിക്കാതെ വാങ്ങലുകൾ നടത്തുന്നു | 1-22 |
| 31 | ഓഡിറ്റ് റിപ്പോർട്ടുകളിൽ തുടർനടപടികൾ സ്വീകരിക്കുന്നില്ല. | 1-23 |
| 32 | ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ കെട്ടിടത്തിന് ആവശ്യമായ സൗകര്യമില്ലാത്തതും മറ്റ് അപാകതകളും | 1-24 |
| 33 | മൃഗസംരക്ഷണ മേഖലയിൽ പദ്ധതികൾ ആവിഷ്കരിക്കുന്നതിൽ വീഴ്ച | 1-25 |
| 34 | ഹരിത കർമ്മസേനയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ വീഴ്ച | 1-26 |
| 35 | സർക്കാർ സ്കൂളിലെ വിദ്യാർത്ഥികൾക്ക് കലാകായിക മേള നടത്തിയത് പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധം | 1-27 |
| 36 | റോഡ് കണക്റ്റിവിറ്റി മാപ്പിംഗ് വിശദാംശങ്ങൾ ലഭ്യമല്ല | 1-28 |
| ഭാഗം **2** | | |
| 1 | തറ വിസ്തീർണത്തിനനുസരിച്ച് നികുതി നിർണ്ണയിച്ചില്ല- | 2-1 |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215 (4),കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കെ.എസ്.എ.ഡി ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഭരണസമിതിയുടെ 27.06.2023 തിയ്യതിയിലെ 1/1 തീരുമാന പ്രകാരം തയ്യാറാക്കി 05.07.2023 തിയ്യതിയിൽ പിൻതുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ആയഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ രസീത്, പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റഡിച്ചർ സ്റ്റേറ്റ്മെന്റ് അക്കൗണ്ട് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും C&AG നൽകിയിട്ടുള്ള പഞ്ചായത്തി രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഒരു ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.
അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ആയഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെ 2022-23 വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ഉദാഃ റേഷ്യോസ്,അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ

### 1-1-2 ക്യാഷ്-ഫ്ലോ പത്രിക പൊരുത്തപ്പെടാത്തത് സംബന്ധിച്ച്

വാർഷികകണക്കിനോടൊന്നിച്ച് സമർപ്പിച്ച ക്യാഷ്-ഫ്ലോ പത്രികയിലെ ആകെ ക്യാഷ്-ഫ്ലോയും അതേ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ആകെ ക്യാഷ് ഫ്ലോ( A+B+C) 7708949/-

മുന്നിരിപ്പും നീക്കിയിരിപ്പ് തുകയും തമ്മിലുള്ള വ്യത്യാസം-9000859/-

1-1-3 രസീത് തെറ്റായ ശീർഷകത്തിൽ രേഖപ്പെടുത്തി

രസീത് തെറ്റായ ശീർഷകത്തിൽ രേഖപ്പെടുത്തി.പിന്നീട് ജേർണൽ മുഖേന തിരുത്തിയിട്ടില്ല.

ഓഡിറ്റ് റിക്കവറി ഇനത്തിൽ അക്കൗണ്ട് ചെയ്യേണ്ടിയിരുന്ന 17,345/- രൂപ "Recovery From Employees-Audit Recovery Based On Charge Certificate" എന്ന ശീർഷകത്തിൽ വരവായി ഉൾപ്പെടുത്തി.

1-1-4 വരവുകൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

വസ്തുനികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി വരുത്തുന്നില്ല. 2022-23 വർഷത്തിൽ വസ്തു നികുതി ഡിമാന്റ് എൻട്രി വരുത്തിയത് 2023 മാർച്ച്-31 തിയ്യതിയിലാണ്.

1-1-5 ചെക്ക് തുകകൾ നാളിതുവരെ ക്രെഡിറ്റ് ആയില്ല.

ബാങ്കിൽ നിക്ഷേപിച്ച ചെക്ക് തുകകൾ നാളിതുവരെ ക്രെഡിറ്റ് ആയില്ല.

കേരള ഗ്രാമീൺ ബാങ്കിന്റെ ആയഞ്ചേരി ബ്രാഞ്ചിൽ (അക്കൗണ്ട് നം-112751) മാർച്ച് 2023 മാസത്തെ റീകൺസിലിയേഷൻ പത്രികയിൽ ഇത്തരത്തിൽ 23250/- രൂപ ക്രെഡിറ്റ് ആവാതെ അവശേഷിക്കുന്നുണ്ട്. ഇത് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ചെക്ക് നം/തിയ്യതി | നിക്ഷേപിച്ച തിയ്യതി | തുക |
|---|---|---|---|
| 1 | 2165094/10.02.20 | 13.02.2020 | 2500 |
| 2 | 306007/04.03.20 | 09.03.2020 | 1250 |
| 3 | 501577/07.02.20 | 30.04.19 | 10000 |
| 4 | 752724/25.02.20 | 17.03.20 | 2000 |
| 5 | 306007/04.03.20 | 09.03.20 | 6250 |
| 6 | 831408/05.02.20 | 17.03.20 | 1250 |
| | ആകെ തുക | | 23250 |

1-1-6 ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല.

സ്ഥാപനം ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ ഭാഗമായി ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല.

1-1-7 ഇ-ടെണ്ടർ ഫീ

ഇ-ടെണ്ടർ ഫീ ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭ്യമാകേണ്ട തുക നിലവിൽ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്കാണ് വരവ് വെക്കുന്നത്. ഈയിനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള വിഹിതം ഡിമാന്റ് ചെയ്ത് ആയത് ബാലൻസ് ഷീറ്റിൽ ഷെഡ്യൂൾ ബി-15 ൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 25-03-2022 തീയതിയിലെ 1/1തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 01.03.2023 തീയതിയിലെ 36(1)/2023 തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,96,28,650 |
| വരവ് | 4,31,01,874 |
| ആകെ | 7,27,30,524 |
| ചെലവ് | 3,41,01,015 |
| നീക്കിയിരിപ്പ് | 3,86,29,509 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 2,21,40,000 | 2,21,40,000 | 2,03,65,380 | 17,74,620 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 17,81,000 | 17,81,000 | 17,81,000 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | - | - | - | - |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 95,49,700 | 95,49,700 | 72,50,059 | 22,99,641 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 52,66,000 | 52,66,000 | 52,66,000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ടൈഡ് (Tied) | PFMS | 44,76,000 | 46,36,000 | 91,12,000 | 10,74,948 | 80,37,052 |
| | TREASURY | 0 | 28,81,162 | 28,81,162 | 6,27,057 | 22,54,105 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- | PFMS | 16,71,064 | 33,56,495 | 50,27,559 | 38,69,377 | 11,58,182 |

| | | | | | | |
|---|---|---|---|---|---|---|
| അൺ-ടൈഡ് (Untied) | TREASURY | 0 | 2,63,872 | 2,63,872 | 2,56,675 | 7,197 |

## 1-4-1 ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

1. വികസനഫണ്ട് ജനറൽ ഇനത്തിൽ ചെലവ് തുക 2,03,69,380/- രൂപയാണ്. എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് തുക 1,94,21,404/- രൂപയാണ്.

2. വികസനഫണ്ട് (എസ്.സി.പി) ഇനത്തിൽ ചെലവ് തുക 17,81,000/- രൂപയാണ്. സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് തുക 16,01,767/- രൂപയാണ്. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

തൻവർഷം 193 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ 149 പ്രൊജക്ടുകൾ നടപ്പിലാക്കി. 44 പ്രൊജക്ടുകൾ നടപ്പാക്കിയില്ല. 8,43,32,325 രൂപ പദ്ധതിയിനത്തിൽ വകയിരുത്തിയതിൽ 4,68,54,066 രൂപ ചെലവഴിച്ചു. വകയിരുത്തിയ തുകയുടെ 55.56 രൂപയാണ് ചെലവ്. വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിൽ 63,35,563 രൂപ വിനിയോഗിക്കാതെ ലാപ്സായിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് | 0 | 2,21,40,000 | 2,21,40,000 | 2,03,65,380 | 17,74,620 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 0 | 95,49,700 | 95,49,700 | 72,50,059 | 22,99,641 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്, ടൈഡ്(ട്രഷറി മുഖേന) | 0 | 28,81,162 | 28,81,162 | 6,27,057 | 22,54,105 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്, അൺടൈഡ്(ട്രഷറി മുഖേന) | 0 | 2,63,872 | 2,63,872 | 2,56,675 | 7,197 |
| ആകെ | | | | | 63,35,563 |

പ്രൊജക്ടുകൾ നടപ്പാക്കുന്നതിൽ വീഴ്ച വരുത്തിയ നിർവ്വഹണ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രൊജക്ടുകളുടെ എണ്ണം | നടപ്പാക്കിയ പ്രൊജക്ടുകൾ | നടപ്പാക്കാത്തത് |
|---|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | 74 | 57 | 17 |
| വി.ഇ.ഒ | 25 | 15 | 10 |

| | | | |
|---|---|---|---|
| സെക്രട്ടറി | 30 | 21 | 09 |
| ഹെഡ്മാസ്റ്റർ | 09 | 06 | 03 |
| വെറ്ററിനറി സർജൻ | 05 | 03 | 02 |
| മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 13 | 11 | 02 |
| അസി.സെക്രട്ടറി | 07 | 06 | 01 |

ഗ്രാമപഞ്ചായത്ത് വിവിധ മേഖലകളിൽ നേരിടുന്ന പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും മുന്നോട്ട് വെക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. 26.11.2021 ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 275/2021/തസ്വഭവ പ്രകാരം സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്. അപ്രകാരം തയ്യാറാക്കപ്പെട്ട അവസ്ഥാരേഖയും വികസന രേഖയും അടിസ്ഥാനമാക്കി വർക്കിംഗ് ഗ്രൂപ്പുകൾ വാർഷിക പദ്ധതിയിലെ കരട് പ്രൊജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടതാണ്.

## 1-6 ആഭ്യന്തരനിയന്ത്രണം

25.10.2023 ലെ ഐ.എൽ.ജി.എം.എസ് റിപ്പോർട്ട് പ്രകാരം ഗ്രാമപഞ്ചായത്തിലെ വിവിധ സെക്ഷനുകളിലായി 379 ഫയലുകൾ തീർപ്പാക്കാൻ അവശേഷിക്കുന്നതായി കാണുന്നു. കെട്ടിടനിർമ്മാണ പെർമിറ്റിനുള്ള ഫയലുകളാണ് ഏറ്റവും കൂടുതൽ കുടിശ്ശികയുള്ളത്. ചട്ടപ്രകാരം 30 ദിവസത്തിനകം തീർപ്പാക്കേണ്ട ഫയലുകൾ ഒരു വർഷം വരെ തീരുമാനമെടുക്കാതെ കൈവശം വെച്ചിരിക്കുന്നതായി കാണുന്നു. ഓഡിറ്റ് റിപ്പോർട്ടുകളിൻമേൽ സമയബന്ധിതമായി തുടർനടപടികൾ സ്വീകരിക്കുന്നില്ല. 2019-20, 2020-21, 2021-22 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾക്ക് നാളിതുവരെ മറുപടി നൽകിയിട്ടില്ല. വിവിധ ക്ഷേമ പെൻഷനുകൾ കൈപ്പറ്റുന്നവർ മരണപ്പെടുന്ന കേസുകളിൽ യഥാസമയങ്ങളിൽ പെൻഷൻ സസ്പെൻഡ് ചെയ്യപ്പെടുന്നതിലും അധികം നൽകിയ പെൻഷൻ തുക തിരികെ ഈടാക്കുന്നതിലും വീഴ്ച സംഭവിച്ചിട്ടുണ്ട്. ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ല. നികുതി ചുമത്തപ്പെടാൻ ബാധ്യതയുള്ള എല്ലാ സ്ഥാപനങ്ങളിൽ നിന്നും നികുതി ചുമത്തപ്പെടുന്നുവെന്ന് ഉറപ്പു വരുത്തിയിട്ടില്ല. പ്രിന്റിംഗ് പ്രവൃത്തികൾക്ക് നൽകിയ തുകയും ക്വട്ടേഷൻനിരക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഇലക്ട്രോണിക് ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചതിൽ അപാകതയുണ്ട്. ഉപകരണങ്ങൾ ആർജ്ജിച്ച തിയ്യതി, വാറന്റി കാലയളവ് എന്നിവ രേഖപ്പെടുത്താത്ത കേസുകൾ കാണുന്നുണ്ട്.

അപാകതകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിച്ച് ആഭ്യന്തരനിയന്ത്രണം കാര്യക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994- ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.10.23 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 59,631/- രൂപയുടെ ക്യാഷ് നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-8 ടാക്സ് ഓഡിറ്റ്

കേരളപഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 200, 203, 204 അനുബന്ധ ചട്ടങ്ങൾ എന്നിവ പ്രകാരം വസ്തുനികുതി, തൊഴിൽ നികുതി, സേവന ഉപനികുതി എന്നിവ ഈടാക്കുന്നതിനുള്ള അധികാരം ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. പഞ്ചായത്തുകളുടെ പ്രധാന വരുമാനമാർഗ്ഗങ്ങളാണ് നികുതി വരവുകളായ വസ്തു നികുതി, തൊഴിൽ നികുതി, സേവന ഉപനികുതി, വിനോദ നികുതി എന്നിവ.

<u>തൊഴിൽ നികുതി</u>

പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധ വർഷത്തിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഓരോ കമ്പനിയുടെയും അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ ബിസിനസിലോ ഉദ്യോഗത്തിലോ ഏർപ്പെട്ടിരിക്കുന്നവരുടെയും മറ്റെന്തെങ്കിലും ആദായം ലഭിക്കുന്നവരുടെയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്(കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ്-204).

എഫ് ടി ഇ &ഒ എസ് ലൈസൻസിനായുള്ള അപേക്ഷകൾ പരിശോധിച്ചപ്പോൾ ചില സ്ഥാപനങ്ങളിൽ ഒന്നിൽ കൂടുതൽ തൊഴിലാളികൾ ജോലി ചെയ്യുന്നതായി കാണുന്നു. എന്നാൽ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ഈ തൊഴിലാളികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതായി കാണുന്നില്ല. ഉദാ:-

| കെട്ടിട നം. | ഉടമ/സ്ഥാപനം | തൊഴിലാളികളുടെ എണ്ണം |
|---|---|---|
| 11/757 | മസാഫി കാറ്ററിംഗ് | 4 |
| 11/464,465 | യാറ ഗോൾഡ് &ഡയമണ്ട് | 3 |
| 7/208 A4,A5 | ബിസ്മില്ല ബേക്കറി | 3 |
| 16/150,151,151A,152 | ബേക്കറി, ഫാസ്റ്റ് ഫുഡ്, കാറ്ററിംഗ് | 5 |

കൂടാതെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. തൊഴിൽ നികുതി ഈടാക്കിയിട്ടില്ലാത്ത സ്ഥാപനങ്ങൾക്ക് ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| കെട്ടിട നം. | ഉടമയുടെ പേര് | സ്ഥാപനം നടത്തുന്ന ആൾ, സ്ഥാപനം (ട്രേഡേഴ്സ് രജിസ്റ്റർ പ്രകാരം) |
|---|---|---|
| 5/76 A | സൂപ്പി ഹാജി | നൌഫൽ,സോപ്പ് കട |
| 5/77 | നാണു | രാജൻ,ഹോട്ടൽ |
| 5/170,171 | ബാലകൃഷ്ണൻ | ഇ.ജ്യോതി,മിൽമ, സ്റ്റേഷനറി |
| 5/327 C,D | രജിത്ത് കുമാർ | അനാദിക്കച്ചവടം |

<u>വസ്തു നികുതി</u>

പഞ്ചായത്തിൽ 2013 ലെ വസ്തുനികുതി പരിഷ്കരണ പ്രകാരം തറവിസ്തീർണത്തിനനുസരിച്ച് വസ്തുനികുതി നിർണയിച്ച് ഈടാക്കുന്നുണ്ട്. കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കുന്നതിലേക്കായി ഗ്രാമപഞ്ചായത്തിലെ പ്രദേശങ്ങളെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളാക്കി തിരിച്ചിട്ടുണ്ട്. ദ്വിതീയമേഖലയിൽ സ്ഥിതി ചെയ്യുന്ന സ്ഥാപനങ്ങൾക്ക് അടിസ്ഥാന വസ്തുനികുതി

നിരക്കിൽ പത്തുശതമാനവും തൃതീയ മേഖലയിൽ സ്ഥിതി ചെയ്യുന്ന സ്ഥാപനങ്ങൾക്ക് അടിസ്ഥാന വസ്തുനികുതി നിരക്കിൽ ഇരുപത് ശതമാനവും ഇളവ് നൽകി വരുന്നു. ഗ്രാമപഞ്ചായത്തിലെ റോഡുകളെ വീതിയുടെ അടിസ്ഥാനത്തിൽ അഞ്ചു മീറ്ററിൽ കൂടുതൽ ഉള്ളവ, ഒന്നര മീറ്ററിനും അഞ്ചു മീറ്ററിനും ഇടയിലുള്ളവ ഒന്നര മീറ്ററിൽ താഴെ ഉള്ളവ എന്നിങ്ങനെ തരം തിരിക്കുകയും കെട്ടിടങ്ങളുടെ സമീപത്തുള്ള റോഡിനനുസരിച്ച് വസ്തു നികുതിയിൽ വർദ്ധനവ്/ഇളവ് നൽകി വരികയും ചെയ്യുന്നു. എന്നാൽ വസ്തുനികുതി നിർണയത്തിലുള്ള അപാകതകൾ നികുതി വരവ് കുറയുന്നതിന് ഇടയാക്കുന്നു.

1.തറ വിസ്തീർണത്തിനനുസരിച്ച് നികുതി നിർണ്ണയിച്ചില്ല-

പഞ്ചായത്തിൽ വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറവിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നീ ഗണത്തിൽ പെടുന്ന കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 40/-രൂപ നിരക്കിലും വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്നീ ഗണത്തിൽ പെടുന്ന കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 50/-രൂപ നിരക്കിലും വസ്തു നികുതി ഈടാക്കി വരുന്നു.

താഴെ പറയുന്ന വാണിജ്യ കെട്ടിടങ്ങൾക്ക് 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണം ഉണ്ടെങ്കിലും 100 ച.മീറ്റർ വരെ തറവിസ്തീർണ്ണം ഉള്ള വാണിജ്യ കെട്ടിടങ്ങളുടെ ഗണത്തിൽ പെടുത്തിയാണ് നികുതി നിർണയിച്ചിട്ടുള്ളത്

1.ഫയൽ നം.A3-120/2022/06.01.22

ഉടമസ്ഥന്റെ പേര്: മൊയ്തു,കുഞ്ഞബ്ദുള്ള,നവാസ്,ഹസീന,ഹമീദ്

പെർമിറ്റ് നം. A3-BA(353351)/2019, തീയതി 23.09.2019

സഞ്ചയപ്രകാരം 1171.82 ച.മീ.വിസ്തീർണമുള്ള കെട്ടിടത്തിന് (ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.) 41 കെട്ടിട നമ്പരുകൾ നൽകി, ഓരോന്നിനെയും 100 ച.മീ. വരെ വിസ്തീർണമുള്ള കെട്ടിടങ്ങളുടെ ഗണത്തിൽപ്പെടുത്തി കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണയിച്ച് ഈടാക്കി.

| ക്രമ നം. | കെട്ടിട നം. | ബാധകമാക്കിയ വസ്തു നികുതി നിരക്ക് | അടിസ്ഥാന വസ്തു നികുതി | ബാധകമാക്കിയ ഇളവ്/ വർദ്ധനവ് | സഞ്ചയ പ്രകാരം ഈടാക്കിയത് | ബാധകമാക്കേണ്ട വസ്തു നികുതി നിരക്ക് | അടിസ്ഥാന വസ്തു നികുതി | ഇളവ്/ വർദ്ധനവ് | വസ്തു നികുതി ഈടാക്കേണ്ടത് | വ്യത്യാസം |
|---|---|---|---|---|---|---|---|---|---|---|
| 1 | 11/878 മുതൽ 878 A19 വരെ വിസ്തീർണ്ണം 563.46ച.മീ തറനില | 40 | 22538.4 | വർദ്ധനവ് വഴി സൗകര്യം-20%, | 27053 L.C-1361 | 50 | 28173 | വർ ദ്ധനവ് വഴി സൌകര്യം-20%, | 33808 L.C-1690 | 6755 L.C-329 |
| | 11/878A20 മുതൽ 878 A39 വരെ വിസ്തീർണ്ണം 608.36ച.മീ (ഒന്നാം നില) | 40 | 24334.4 | വർദ്ധനവ് വഴി സൗകര്യം-20%, ഇളവ്-5% (ഒന്നാം നില) | 27747 L.C-1397 | 50 | 30418 | വർദ്ധനവ് വഴി സൌകര്യം-20%, ഇളവ്-5% (ഒന്നാം നില) | 34677 L.C-1734 | 6930 L.C-337 |

തറനിർമ്മിതിയുടെ അടിസ്ഥാനത്തിൽ നികുതി വർദ്ധനവ് വരുത്തിയിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ, ചട്ടം 6 പട്ടിക 6 പ്രകാരം തറനിർമ്മിതിയുടെ അടിസ്ഥാനത്തിൽ (മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് മറ്റ് വിലയേറിയ സാധനങ്ങൾ കൊണ്ട് നിർമ്മിച്ച 250 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള) വസ്തുനികുതിയിൽ 15% വർദ്ധനവ് വരുത്താവുന്നതാണ്. മുകളിൽ കൊടുത്തിരിക്കുന്ന കെട്ടിടത്തിന്റെ തറനിർമ്മിതിയുടെ തരം, മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് മറ്റ് വിലയേറിയ സാധനങ്ങൾ കൊണ്ട് നിർമ്മിച്ചവ, എന്ന ഗണത്തിൽ പെടുന്നതാണെന്ന് സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തറനിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള 15% വർദ്ധനവ് ബാധകമാക്കി നികുതി നിർണ്ണയിച്ചിട്ടില്ല.

2.

ഫയൽ നം.A3-1344/2022/23.02.2022

ഉടമസ്ഥന്റെ പേര്: ദിനേശൻ വി.കെ

പെർമിറ്റ് നം. A3-BA(16716)/2021, തീയതി 30.11.2020

| ക്രമ നം. | കെട്ടിട നം. | ബാധകമാക്കിയ വസ്തു നികുതി നിരക്ക് | അടിസ്ഥാന വസ്തു നികുതി | ബാധകമാക്കിയ ഇളവ്/ വർദ്ധനവ് | സഞ്ചയ പ്രകാരം ഈടാക്കിയത് | ബാധകമാക്കേണ്ട വസ്തു നികുതി നിരക്ക് | അടിസ്ഥാന വസ്തു നികുതി | ഇളവ്/ വർദ്ധനവ് | വസ്തു നികുതി ഈടാക്കേണ്ടത് | വ്യത്യാസം |
|---|---|---|---|---|---|---|---|---|---|---|
| 2 | 11/329 A,B,C വിസ്തീർണ്ണം 106.15 ച.മീ | 40 | 4246 | വർദ്ധനവ് വഴി സൌകര്യം-20%, | 5096 L.C-256 | 50 | 5308 | വർദ്ധനവ് വഴി സൌകര്യം -20%, | 6369 L.C -319 | 1273 L.C-63 |

പഞ്ചായത്തിന്റെ എഫ്.ടി.ഇ.&ഒ.എസ്.ലൈസൻസ് രജിസ്ററർ പ്രകാരം ലൈസൻസ് എടുത്ത കെട്ടിടങ്ങൾ സഞ്ചയയുമായി ഒത്തുനോക്കി പരിശോധിച്ചപ്പോൾ വ്യാപാര സ്ഥാപനങ്ങൾക്കുള്ള ലൈസൻസ് എടുത്ത കെട്ടിടങ്ങളുടെ ഉപയോഗക്രമം സഞ്ചയയിൽ തെറ്റായി രേഖപ്പെടുത്തി നികുതി ഈടാക്കുന്നതായി കാണുന്നു. കൂടാതെ ചില കെട്ടിടങ്ങൾ നിലവിലില്ല എന്നും കാണിക്കുന്നു. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ലൈസൻസ് രജിസ്ററർ പ്രകാരം അപേക്ഷകന്റെ പേര് | ലൈസൻസ് രജിസ്ററർ പ്രകാരം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനം | വാർഡ് ,കെട്ടിട നം. | സഞ്ചയ പ്രകാരം കെട്ടിട ഉടമസ്ഥന്റെ പേര് | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ ഉപയോഗക്രമം |
|---|---|---|---|---|
| സെയ്യിദ് റഫീഖ് | സ്റ്റേഷനറി സാധനങ്ങൾ | 7/161 | മിനാർ | പാർപ്പിടാവശ്യം |
| വിജയൻ ജി.കെ | പലചരക്ക്കച്ചവടം | 7/208 A | രാധഅമ്മ | പാർപ്പിടാവശ്യം |
| രാധാകൃഷ്ണൻ.കെ.കെ. | വർക്ക്ഷോപ്പ് | 8/343 | കെ.എം.ശങ്കരൻ | പാർപ്പിടാവശ്യം |

| | | | | |
|---|---|---|---|---|
| ഷിജു .എം.സി | വെൽഡിംഗ് ഷോപ്പ് | 6/580A | കെട്ടിടം നിലവിലില്ല. | |
| പി.കുഞ്ഞിരാമൻ | പച്ചക്കറി, പലചരക്ക് | 7/449 | കെട്ടിടം നിലവിലില്ല. | |
| രാമദാസൻ.കെ.കെ | ജ്വല്ലറി വർക്സ് | 4/734A | കെട്ടിടം നിലവിലില്ല. | |
| കുഞ്ഞമ്മദ് | തുണിത്തരങ്ങൾ | 8/128 L | കെട്ടിടം നിലവിലില്ല. | |

വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തുന്നത് വസ്തുനികുതിയിനത്തിൽ നഷ്ടം ഉണ്ടാകുന്നതിനിടയാക്കുന്നു. ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയ വിവരം കെട്ടിട ഉടമകൾ പഞ്ചായത്തിനെ അറിയിക്കാത്തതും ഘടനയിലും ഉപയോഗക്രമത്തിലും മാറ്റം വരുത്തിയ കെട്ടിടങ്ങളും ഫീൽഡ് പരിശോധന വഴി കണ്ടെത്തി നികുതി നഷ്ടം ഒഴിവാക്കേണ്ടതുമാണ്. കൂടാതെ എഫ്.ടി.ഇ. ആന്റ് ഒ.എസ്. ലൈസൻസ് അനുവദിക്കുന്നതിന് അടിസ്ഥാനമാക്കിയിട്ടുള്ള കെട്ടിടങ്ങൾ സഞ്ചയ ഡാറ്റാബേസിൽ ഉൾപ്പെടാത്തതിനുള്ള കാരണം പരിശോധിക്കേണ്ടതും ഇത്തരത്തിലുള്ള മുഴുവൻ അപാകതകളും കണ്ടെത്തി യുക്തമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

<u>കെട്ടിടസർവേ</u>

നികുതി-നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അനധികൃതനിർമ്മാണങ്ങൾ കണ്ടെത്തുന്നതിനായി കെട്ടിടങ്ങളുടെ പരിശോധന നടത്തുന്നതിനായി നടപടി ആരംഭിച്ചിട്ടുണ്ടെങ്കിലും പൂർത്തീകരിച്ചിട്ടില്ല.

<u>വസ്തുനികുതി പിരിവ് പുരോഗതി-ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനങ്ങൾ</u>

പഞ്ചായത്തിലെ നികുതി പിരിവ് പുരോഗതി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തുന്നുണ്ട്. നികുതി കളക്ഷൻ ഊർജ്ജിതപ്പെടുത്തുന്നതിനായി ക്യാമ്പ് കളക്ഷൻ സംഘടിപ്പിച്ചിട്ടുണ്ട്.

<u>വസ്തു നികുതി പരിഷ്കരണം</u>

വസ്തു നികുതി പരിഷ്കരണം 2023-24 ന്റെ പുതിയ നിരക്ക് 25.08.2023 തിയ്യതിയിലെ പഞ്ചായത്ത് ഭരണസമിതിയുടെ മീറ്റിംഗിലെ 1/1 നം. തീരുമാന പ്രകാരം അന്തിമമായി നിശ്ചയിച്ച് പ്രസിദ്ധീകരിച്ചു. പുതുക്കിയ നിരക്കിൽ വസ്തുനികുതി ഈടാക്കിത്തുടങ്ങിയിട്ടുണ്ട്.

<u>സേവന ഉപനികുതി</u>

കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും ആക്ടിലെ 207-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം സേവന ഉപനികുതിയൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വപരിപാലനം , ജലവിതരണം, തെരുവുവിളക്കുകളും ഡ്രെയിനേജും എന്നിവ സംബന്ധിച്ച് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. പഞ്ചായത്തിൽ വസ്തു നികുതിയോടൊപ്പം സേവന ഉപനികുതിഈടാക്കുന്നില്ല.

<u>മറ്റു വരവുകൾ</u>

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232 പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടകരമോ, അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളതുമായ ഏതെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകിയ ലൈസൻസ് കൂടാതെയും ആ ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസരണമല്ലാതെയും പഞ്ചായത്ത് പ്രദേശത്ത് യാതൊരു സ്ഥലവും ഉപയോഗിക്കാൻ

പാടില്ലാത്തതാകുന്നു. എന്നാൽ പഞ്ചായത്തിലെ ട്രേഡേഴ്സ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും പഞ്ചായത്ത് പരിധിയിൽ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാണ്. പഞ്ചായത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ടെങ്കിലും അതിലെ വിവരങ്ങൾ പൂർണ്ണമല്ല.

1998 ലെ കേരള പഞ്ചായത്ത് രാജ് (പൊതുകക്കൂസുകൾ, മൂത്രപ്പുരകൾ, കുളിസ്ഥലങ്ങൾ എന്നിവയുടെ നിർമ്മാണവും സംരക്ഷണവും സ്വകാര്യ പരിസരങ്ങളിലെ ശുചീകരണവും) ചട്ടങ്ങൾ ചട്ടം 9(2) പ്രകാരം പൊതു മൂത്രപ്പുരകൾ വൃത്തിയായി സൂക്ഷിക്കുന്നതിനും സംരക്ഷിക്കുന്നതിനും പഞ്ചായത്ത് നിശ്ചയിക്കുന്നവിധത്തിൽ പൊതു ജനങ്ങളിൽ നിന്നും ഫീസ് ഈടാക്കാവുന്നതും അത് പിരിച്ചെടുക്കുവാനുള്ള അവകാശം ലേലം വഴിയോ ലൈസൻസ് പ്രകാരമോ നൽകാവുന്നതുമാണ്. പഞ്ചായത്ത് പരിധിയിൽ ആയഞ്ചേരി ടൗൺ, തണ്ണീർ പന്തൽ എന്നിവിടങ്ങളിൽ രണ്ട് പൊതു ശൗചാലയങ്ങൾ ഉണ്ടെങ്കിലും ആയവ ലേലം ചെയ്യുന്നതിനും ഫീ ഈടാക്കുന്നതിനുമുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ആയഞ്ചേരി ടൗണിലുള്ള ബസ്സ്റ്റാന്റ് ലേലം ചെയ്യുന്നതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കുന്നതിന് 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും ഇതുവരെ ലേല നടപടികൾ സ്വീകരിച്ചിട്ടില്ല.

ഓഡിറ്റ് നിർദേശങ്ങൾ

1. അനധികൃത നിർമ്മാണങ്ങൾ, വിസ്തീർണത്തിൽ മാറ്റം വരുത്തിയ കെട്ടിടങ്ങൾ, ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയ കെട്ടിടങ്ങൾ, എന്നിവയുടെ നികുതി പുനർനിർണയിക്കുന്നതിനുമുള്ള നടപടികൾ പരമാവധി വേഗത്തിൽ പൂർത്തീകരിച്ച് തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട് സഞ്ചയയിലുള്ള അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3.കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം-21പ്രകാരം ,ചട്ടത്തിൽ ഒഴിവാക്കിയിട്ടുള്ള കെട്ടിടങ്ങൾ ഒഴികെയുള്ള എല്ലാ കെട്ടിടങ്ങൾക്കും ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണ്. അത്തരം പരിശോധനയിൽ തറനിർമ്മിതിയിൽ വരുത്തിയ മാറ്റങ്ങൾ,കേന്ദ്രീകൃത എയർ കണ്ടീഷനിംഗ് സംവിധാനം ഏർപ്പെടുത്തൽ എന്നിവ കണ്ടെത്താവുന്നതും അതിന്റെ അടിസ്ഥാനത്തിൽ നികുതി പുനർ നിർണ്ണയിക്കുകയും ചെയ്യാവുന്നതാണ്.

4.പഞ്ചായത്ത് പരിധിയിൽ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടു വരുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

5. തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ മുഴുവൻ ജീവനക്കാരിൽ നിന്നും/സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

6. പഞ്ചായത്ത് നൽകിവരുന്ന സേവനങ്ങൾക്കനുസരിച്ച് കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങള് ചട്ടം 27 ൽ പറഞ്ഞ നിരക്കിൽ സേവന ഉപനികതി ഈടാക്കി തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

### 1-9 കെട്ടിട നിർമാണ പെർമിറ്റിനുള്ള അപേക്ഷകളിൻമേൽ തുടർനടപടികൾ വൈകുന്നു.

കേരള കെട്ടിട നിർമാണ ചട്ടങ്ങൾ ചട്ടം.12 പ്രകാരം സൈറ്റ് പ്ലാനിന്റെ അംഗീകാരത്തിനായുള്ള അപേക്ഷയോ അല്ലെങ്കിൽ ചട്ടങ്ങൾ പ്രകാരമോ ആക്റ്റിന്റെ കീഴിലുള്ള ബൈലോകൾ പ്രകാരമോ ആവശ്യപ്പെടുന്ന വിവരങ്ങൾ ലഭിച്ച തീയതി മുതൽ 15 ദിവസത്തിനുള്ളിൽ സെക്രട്ടറി സൈറ്റ് പ്ലാൻ അംഗീകരിക്കുകയോ 11-ാം ചട്ടത്തിൽ സൂചിപ്പിച്ച കാരണങ്ങളാൽ നിരാകരിക്കുകയോ ചെയ്യേണ്ടതും വിവരം അപേക്ഷകനെ അറിയിക്കേണ്ടതുമാണ്. ചട്ടം.13 പ്രകാരം നിർമ്മാണം നടത്തുന്നതിനുള്ള അനുമതിക്കായുള്ള അപേക്ഷയോ അല്ലെങ്കിൽ ചട്ടങ്ങൾ പ്രകാരമോ ആക്റ്റിന്റെ കീഴിലുള്ള ബൈലോകൾ

പ്രകാരമോ ആവശ്യപ്പെടുന്ന വിവരങ്ങൾ ലഭിച്ച തീയതി മുതൽ 15 ദിവസത്തിനുള്ളിൽ രേഖാമൂലമായ ഉത്തരവ് വഴി സെക്രട്ടറി അനുമതി നൽകുകയോ 11-ആം ചട്ടത്തിൽ സൂചിപ്പിച്ച കാരണങ്ങളാൽ നിരാകരിക്കുകയോ ചെയ്യേണ്ടതും വിവരം അപേക്ഷകനെ അറിയിക്കേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിലെ പെർമിറ്റ് രജിസ്റ്റർ, സകർമ സോഫ്റ്റ്‌വെയർ എന്നിവ പരിശോധിച്ചതിൽ നിന്നും കെട്ടിട നിർമാണ പെർമിറ്റിന് അപേക്ഷ നൽകിയ 140 ഓളം ഫയലുകൾ തുടർനടപടികൾ സ്വീകരിക്കാതെ കുടിശ്ശികയായി കിടക്കുന്നുണ്ട്. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ഫയൽ നം | അപേക്ഷകന്റെ പേര് | കെട്ടിടത്തിന്റെ തരം | വിസ്തീർണം |
|---|---|---|---|---|
| 1 | SC 3-621/22, 30.05.22 | ഹാരിസ് , മുച്ചിലോട്ടുമ്മൽ | വീട് | 252.88 ച.മീ |
| 2 | SC3-757 06.06.22 | അബ്ദുറഹിമാൻ, നെരോത്ത് | വാണിജ്യം | 1573.84 ച.മീ |
| 3 | SC3-839 13.06.22 | അമ്മത് ഹാജി, ഒതയോത്ത് | വീട് | 279.32ച.മീ |
| 4 | SC3-879 15.06.22 | നഫീസ താഴെ നെല്ലാരത്ത് | വീട് | 359 ച.മീ |
| 5 | SC3-1091 30.06.22 | മുനീർ, സീബ് മഹൽ | ലോഡ്ജ് | 628.67 ച.മീ |
| 6 | SC3-1239 11.07.22 | ശ്രീജേഷ് , തറവട്ടത്ത് | വീട് | 117.9 ച.മീ |
| 7 | SC3-1358 22.07.22 | മുഹമ്മദ് റാഫി, ചക്കോത്തിചാലിൽ | വീട് | 257.99 ച.മീ |
| 8 | SC3-1416 29.07.22 | നവാസ് നരിപ്പൊയിൽ | വീട് | 151.92 ച.മീ |

| | | | | |
|---|---|---|---|---|
| 9 | SC3-1844 05.09.22 | ശ്യാമള, ചെറിയ മഠത്തിൽ | വീട് | 132.47ച.മീ |
| 10 | SC3-2212 29.09.22 | നാരായണക്കുറുപ്പ് | വീട് | 249.12 ച.മീ |

ഫയലുകളിൽ യഥാസമയം തുടർനടപടികൾ സ്വീകരിക്കാത്തതിന വിശദീകരണം ലഭ്യമാക്കുന്നതിന് എൻക്വയറി(എൻക്വയറി നം.6/2022-23) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതും തീർപ്പാക്കാത്ത അപേക്ഷകൾ പരിശോധിച്ച് തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-10 ക്ഷേമപെൻഷൻ വിതരണത്തിലെ അപാകതകൾ

ക്ഷേമപെൻഷനുമായി ബന്ധപ്പെട്ട ഫയലുകൾ, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ ചില അപാകതകൾ ശ്രദ്ധയിൽപ്പെട്ടു. പഞ്ചായത്തിലെ ഡെത്ത് രജിസ്റ്റർ പ്രകാരം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന എല്ലാവരെയും ഗ്രാമപഞ്ചായത്തിന്റെ ക്ഷേമപെൻഷൻ ഡേറ്റാ ബേസിൽ നിന്നും ഒഴിവാക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുന്നില്ല. മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വെച്ച് മരണപ്പെടുന്ന ഗുണഭോക്താക്കളെ സംബന്ധിച്ച വിവരം സമയബന്ധിതമായി റിപ്പോർട്ട് ചെയ്യപ്പെടാത്തതിനാൽ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് മരണമടഞ്ഞശേഷവും പെൻഷൻ തുക ട്രാൻസ്ഫർ ചെയ്യപ്പെടുന്നുണ്ട്.

നിലവിൽ പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കൾ ജോലി ലഭിക്കുകയോ മരണപ്പെടുകയോ ചെയ്യുന്നത് മൂലം അനർഹരാവുന്നത് സമയബന്ധിതമായി പരിശോധിക്കുന്നതിനുള്ള സംവിധാനം സ്ഥാപനത്തിൽ ഇല്ല. സർക്കാർ ഉത്തരവ് ജി.ഒ(എം.എസ്) നം.97/2020/ധന തീ. 23-09-2020 പ്രകാരം പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷവും അക്കാര്യം പ്രാദേശിക സർക്കാരിൽ അറിയിക്കാതെ അനന്തരാവകാശികൾ പ്രസ്തുത പെൻഷൻ തുക കൈപ്പറ്റുന്നതായി ശ്രദ്ധയിൽപ്പെടുന്ന പക്ഷം മരണപ്പെട്ട ഗുണഭോക്താവിനെ പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. മരണപ്പെട്ടവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കാൻ പഞ്ചായത്ത് സെക്രട്ടറിമാർ ബാധ്യസ്ഥരാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടികളൊന്നും തന്നെ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചതായി കാണുന്നില്ല.

ഗ്രാമപഞ്ചായത്തിൽ നിന്നുള്ള പെൻഷൻ ഡാറ്റാബേസ് അപ്ഡേറ്റ് ചെയ്യാത്തത് മൂലം വിവിധ ഗുണഭോക്താക്കൾ മരണമടഞ്ഞശേഷവും പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട് . ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പെൻഷനറുടെ പേര് | പെൻഷന് ഐ.ഡി | മരണപ്പെട്ട തിയ്യതി | അവസാനമായി പെൻഷൻ വിതരണം നടത്തിയ മാസം | അധികം നൽകിയത് |
|---|---|---|---|---|---|
| 1 | ശ്രീ.മൂസ്സ എൽ.കെ | 110120201151-വാർദ്ധക്യകാല പെൻഷൻ | 01.02.2022 | 6/2022 | 4 മാസം -6400 രൂപ |

| | | | | | |
|---|---|---|---|---|---|
| 2 | ശ്രീ.ദാമു | 110120200392-വാർദ്ധക്യകാല പെൻഷൻ | 04.10.2021 | 6/2022 | 9മാസം -14400 രൂപ |
| 3 | ശ്രീമതി.ഓമന അമ്മ | 110120200459-വാർദ്ധക്യകാല പെൻഷൻ | 15.12.2020 | 1/2022 | 13 മാസം -20500രൂപ |
| 4. | ശ്രീമതി. കുഞ്ഞായിശ | 110120600807-വിധവ പെൻഷൻ | 23.06.2021 | 8/2021 | 2 മാസം -3200 രൂപ |

ക്ഷേമപെൻഷൻ ഇനത്തിൽ അധികമായി നൽകിയ തുക അവകാശികളിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

1-11 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള ഉപകരണം-സോഷ്യൽ സെക്യൂരിറ്റി മിഷന് തുക കൈമാറൽ

പ്രോജക്ട് നം-244/22-23

അടങ്കൽ-150000/-(വികസന ഫണ്ട് ജനറൽ)

ചെലവ്-150000/-(ബിൽ റഫറൻസ് നം-22170352012600959944/26.12.2022തുക-150000/-)

കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ശ്രുതിതരംഗം പദ്ധതിയിലേക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ ചെയ്ത കുട്ടികൾക്കുള്ള ഉപകരണത്തിന്റെ മെയിന്റനൻസ് ആവശ്യാർത്ഥം 1,50,000/- രൂപ കേരള സോഷ്യൽ സെക്യൂരിറ്റി മിഷന്റെ അക്കൗണ്ടിലേക്ക്(ട്രഷറി അക്കൗണ്ട് നം-701011400000134 ജില്ലാ ട്രഷറി തിരുവനന്തപുരം) 26.12.2022 ന് കൈമാറിയിട്ടുണ്ട്. എന്നാൽ തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്നത് വരെ ചെലവ് തുക 1,50,000/-രൂപ തടസ്സത്തിൽ വെക്കുന്നു.

1-12 ജീവതാളം പദ്ധതി -അപാകതകൾ

പ്രോജക്ട് നം-229/22-23

നിർവ്വഹണം-മെഡിക്കൽ ഓഫീസർ-എഫ്.എച്ച്.സി

അടങ്കൽ- 200000/-(വികസനഫണ്ട്-ജനറൽ)

ചെലവ്-135954/-(ബിൽ റഫറൻസ് നം-22170352007201520881/28.03.2023 തുക-135954)

സംസ്ഥാന സർക്കാറിന്റെ സമ്പൂർണ്ണ ജീവിത ശൈലീ രോഗനിയന്ത്രണ പരിപാടിയായ "ജീവതാളം" പദ്ധതി വഴി തദ്ദേശ സ്ഥാപനങ്ങളിൽ വാർഡ് തലത്തിൽ വീടുകളടങ്ങുന്ന ക്ലസ്റ്ററുകളുണ്ടാക്കി ജീവിതശൈലി രോഗങ്ങളെ ജനപ്രതിനിധികളുടെയും ആരോഗ്യപ്രവർത്തകരുടെയും സന്നദ്ധ പ്രവർത്തകരുടെയും സഹായത്തോടെ പ്രതിരോധിക്കുകയാണ് ലക്ഷ്യമിടുന്നത്.ഇതിലേക്കായി മെഡിക്കൽ ക്യാമ്പുകൾ നടത്തി ജീവിതശൈലി രോഗങ്ങൾ നിർണ്ണയിക്കുകയും ആവശ്യമെങ്കിൽ വിദഗ്ധ ചികിത്സ ലഭ്യമാക്കുകയും ചെയ്യുന്നതാണ്.

ഓഡിറ്റ് വർഷം 135954/-രൂപ ജീവതാളം പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ടിന്റെ ഭാഗമായി

റിസോഴ്സ് പേഴ്സൺ ട്രെയിനിംഗ്, ബാനർ പ്രിന്റിംഗ്, മെഡിക്കൽ ഉപകരണങ്ങൾ വാങ്ങൽ, രജിസ്റ്ററുകൾ തയ്യാറാക്കൽ, നോട്ടീസ് പ്രിന്റിംഗ് എന്നിവയ്ക്കായി പണം ചെലവഴിച്ചിട്ടുണ്ട്.

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് മെഡിക്കൽ ക്യാമ്പുകൾ നടത്തി ജീവിതശൈലി രോഗനിർണ്ണയം നടത്തിയതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു. മറുപടി ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 1,35,954/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-13 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൾ മുഴുവൻ മരുന്നുകളും ലഭ്യമായില്ല.

പ്രോജക്ട് നം-24/22-23

നിർവ്വഹണം-മെഡിക്കൽ ഓഫീസർ-ഹോമിയോ

അടങ്കൽ -200000(മെയിന്റനൻസ് -നോൺ റോഡ്)

ചെലവ്-200000 (ബിൽ റഫറൻസ് നം-221703520073008014l4/21.11.2022)

ഓഡിറ്റ് വർഷം ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ പദ്ധതിക്കായി 21.11.2022 തിയ്യതിയിൽ 200000 രൂപ ആലപ്പുഴ ഹോംകോയ്ക്ക് (പ്രൊഫോർമ ഇൻവോയ്സ്-LF-933/09-08-2023) കൈമാറിയിട്ടുണ്ട്. ഓഡിറ്റ് തിയ്യതി വരെ 107775/- രൂപയുടെ മരുന്നുകളാണ് ലഭ്യമായിട്ടുള്ളത്. 92225/-രൂപയുടെ മരുന്നുകൾ ലഭ്യമാകാതെ അവശേഷിക്കുന്നുണ്ട്. മരുന്ന് ലഭ്യമാകാത്തതിന് മറുപടി ലഭ്യമാക്കേണ്ടതാണ്. 92225/-രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-14 ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയില്ല.

സ.ഉ (കൈ) നം.84/2022/തസ്വഭവ. തി. 19.04.2022 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ. 6-8 ൽ പൊതു മരാമത്ത് മേഖലയിലെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്. ഇത് തയ്യാറാക്കുന്നതിന് ഘടക സ്ഥാപനങ്ങളുടെ മേധാവികളുടെ യോഗം വിളിച്ച് ചേർക്കണം. പ്രസ്തുത യോഗത്തിൽ അംഗീകരിച്ച പ്രൊജക്ടുകളായിരിക്കണം പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. എന്നാൽ പദ്ധതി വർഷം ഇത്തരത്തിൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/23/30.10.23) മറുപടി നൽകിയിട്ടില്ല. ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കി അറിയിക്കേണ്ടതാണ്.

## 1-15 അങ്കണവാടികളിൽ അടിസ്ഥാനസൗകര്യങ്ങൾ സംബന്ധിച്ച്

ആയഞ്ചേരി ഗ്രാമപഞ്ചായത്തിൽ 25 അങ്കണവാടികളാണുള്ളത്. അങ്കണവാടികളിലെ അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച് ഐ.സി.ഡി.എസ് സൂപ്പർവൈസറിൽ നിന്നും വിവരങ്ങൾ ശേഖരിച്ചതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | ലഭ്യമല്ലാത്ത അടിസ്ഥാനസൗകര്യം | അങ്കണവാടികളുടെ എണ്ണം |
|---|---|---|
| 1 | റോഡ് സൗകര്യമില്ലാത്തത് | 1 |
| 2 | സ്വന്തമായി കുടിവെള്ള സ്രോതസ്സ് ഇല്ലാത്തത് | 23 |

| | | |
|---|---|---|
| 3 | സ്വന്തമായി കെട്ടിടമില്ലാത്തത് | 5 |
| 4 | ചുറ്റമതിൽ ഇല്ലാത്തവ | 17 |

അങ്കണവാടികൾക്ക് അടിസ്ഥാനസൗകര്യങ്ങളൊരുക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് 2021-22 ഓഡിറ്റ് റിപ്പോർട്ടിൽ സൂചിപ്പിച്ചിരുന്നെങ്കിലും നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. അങ്കണവാടികൾക്ക് അടിസ്ഥാന സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-16 വൃക്കരോഗികൾക്ക് മരുന്ന് വാങ്ങൽ -മരുന്ന് ലഭ്യമാകാത്തത് സംബന്ധിച്ച്

നിർവ്വഹണം-മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി)

പ്രോജക്ട് നം-6/22-23

അടങ്കൽ-400000/-(മെയിന്റനൻസ് ഗ്രാന്റ് റോഡിതരം )

ചെലവ്-400000/-(ബിൽ റഫറൻസ് നം-22170352007200578546/
27.09.2022 തുക- 400000/-)

മേൽ പ്രോജക്ട് വഴി വൃക്കരോഗികൾക്ക് മരുന്ന് വാങ്ങൽ പദ്ധതിക്കായി 4,00,000/-രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിലേയ്ക്ക് 27.09.2022 തിയ്യതിയിൽ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ഓഡിറ്റ് തിയ്യതി വരെ 3,51,503/- രൂപയുടെ മരുന്നുകളാണ് ലഭ്യമായിട്ടുള്ളത്. 48,497/-രൂപയുടെ മരുന്നുകൾ ലഭ്യമാകുന്നതിന് അവശേഷിക്കുന്നുണ്ട്. ലഭ്യമാവാൻ അവശേഷിക്കുന്ന മരുന്നിന്റെ വില 48497/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു. മറുപടി ലഭ്യമാക്കേണ്ടതാണ്.

1-17 പൊതുമരാമത്ത് പ്രവർത്തികളുടെ ഇ ടെണ്ടർ ഫീസ് അടവാക്കുന്നതിൽ വീഴ്ച

അസി. എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കുന്ന വിവിധ പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ നടപടികളിൽ ടെണ്ടർ ഫീസ് ആയി കരാറുകാർ അടക്കുന്ന തുക നിലവിൽ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ എക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്യപ്പെടുന്നത്. അസി.എഞ്ചിനിയർ ലഭ്യമാക്കിയ കണക്കുപ്രകാരം പദ്ധതി വർഷം 100621/- രൂപ ഈയിനത്തിൽ വരവുണ്ട്. എന്നാൽ ഈ തുക പഞ്ചായത്തുഫണ്ടിലേക്ക് വരവു വന്നിട്ടില്ല. തുക ഈടാക്കുന്നതിലെ വീഴ്ച്ച്യ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20/23/30.10.23) മറുപടി നൽകിയിട്ടില്ല. ഇ-ടെണ്ടർ ഫീസ് ഇനത്തിലെ മുഴുവൻ തുകയും പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടി അറിയിക്കേണ്ടതാണ്.

1-18 വിദ്യാഭ്യസ ആനുകൂല്യത്തിനായി എസ്.സി വിദ്യാർത്ഥികളോട് വരുമാന സർട്ടിഫിക്കറ്റ് വാങ്ങുന്നു

എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നൽകുന്നതിന് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| നിർവ്വഹണം | അസി.സെക്രട്ടറി |
| പ്രോജക്ട് നം. | 182/23 |
| അടങ്കൽ | 379562/- |
| ഫണ്ട് | വികസനം (SCP) |

| | |
|---|---|
| ചെലവ് | 379562/- |
| ബിൽനം. തി. | 753/23/27.12.22 |

എസ്.സി വിഭാഗത്തിലെ 9 വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകുന്നതിനാണ് ഈ പദ്ധതി നടപ്പാക്കിയത്. സ.ഉ (കൈ) നം.115/2022/ തസ്വഭവ.തി.28.05.2022 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ ഖ.2-153(v)-ൽ എസ്.സി.വിഭാഗം ഗുണഭോക്താക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നതിന് വരുമാന പരിധി ബാധകമല്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ആനുകൂല്യം നൽകിയ മിക്ക ഗുണഭോക്താക്കളിൽ നിന്നും വരുമാന സർട്ടിഫിക്കറ്റിന് പുറമേ ബി.പി.എൽ സർട്ടിഫിക്കറ്റും വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശം കണക്കിലെടുക്കാതെ ഗുണഭോക്താക്കളിൽ നിന്ന് അനാവശ്യമായി രേഖകൾ ആവശ്യപ്പെടുന്നത് ശരിയായ നടപടിയല്ല. വീഴ്ചയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21/23/31.10.23) മറുപടി നൽകിയിട്ടില്ല. ഇത്തരം അപാകതകൾ ഭാവിയിൽ ആവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്താനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-19 പഞ്ചായത്തിൽ 'ടേക്ക് എ ബ്രേക്ക്' ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചില്ല

സ.ഉ(കൈ)നം.39/2020.തസ്വഭവ.തി.20.02.2020, സ.ഉ(കൈ) നം.45/2020. തസ്വഭവ. തി.06.03.2020 എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ പൊതു ശുചിമുറികളും 'ടേക്ക് എ ബ്രേക്ക്' വിശ്രമ കേന്ദ്രങ്ങളും നടപ്പിലാക്കുന്നതിന് പാതയോരങ്ങളിൽ സ്ഥിതിചെയ്യുന്ന സർക്കാർ/പൊതു മേഖലാ സ്ഥാപനങ്ങളുടെ പരിസരങ്ങൾ, തദ്ദേശ സ്ഥാപനങ്ങളുടെ ഓഫീസ് പരിസരം, വാണിജ്യ കേന്ദ്രങ്ങൾ, ബസ് സ്റ്റാന്റ്, ബസ് സ്റ്റോപ്പ് പരിസരങ്ങൾ എന്നിവിടങ്ങളിൽ നിശ്ചിത മാതൃകയിൽ കെട്ടിടങ്ങൾ പണിയാമെന്ന സർക്കാർ നിർദ്ദേശം പാലിക്കുന്നതിന് ഗ്രാമ പഞ്ചായത്തിന്റെ ഭാഗത്തുനിന്ന് നടപടിയൊന്നും ഉണ്ടായിട്ടില്ല. വീഴ്ചയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 22/22-23/30.10.23) മറുപടി നൽകിയിട്ടില്ല. 'ടേക്ക് എ ബ്രേക്ക്' പദ്ധതി നടപ്പാക്കുന്നതിന് സത്വര നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-20 ആസൂത്രണ നിർവ്വഹണ ചെലവ് - പ്രിന്റിംഗിന് അധിക തുക ചെലവഴിച്ചു

പ്രൊജക്റ്റ് നമ്പർ - 70/22-23

അടങ്കൽ - 200000

ചെലവ് - 187201

04.06.2022 ലെ 01/06 ഭരണസമിതി തീരുമാനപ്രകാരം വിവിധ ഫോറങ്ങൾ, നോട്ടീസുകൾ തുടങ്ങിയവ പ്രിന്റ് ചെയ്യുന്നതിന് ബ്രൈറ്റ് പ്രിന്റിംഗ് & ഡിസൈൻ എന്ന സ്ഥാപനത്തിന് ക്വട്ടേഷൻ നൽകിയതായി കാണുന്നു. തൻവർഷത്തെ പ്രിന്റിംഗ് ചെലവുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) ആവശ്യത്തിലധികം പ്രിന്റ് ചെയ്യുന്നു

കരട് പദ്ധതിരേഖ, വികസനരേഖ എന്നിവ 100 കോപ്പികൾ വീതം പ്രിന്റ് ചെയ്തതായി കാണുന്നു. 154 പേജുകളുള്ള വികസനരേഖ 100 കോപ്പികൾക്ക് 35,000 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത്രയും കോപ്പികൾ പ്രിന്റ് ചെയ്യേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കിയിട്ടില്ല. ഇവ സ്റ്റോക്കിലെടുക്കുകയോ ആർക്കൊക്കെ വിതരണം ചെയ്തു എന്ന് രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. കരട് പദ്ധതിരേഖ, അന്തിമപദ്ധതിരേഖ, വികസനരേഖ, എന്നിവ ആവശ്യത്തിന് മാത്രം പ്രിന്റ് ചെയ്യേണ്ടതും പ്രിന്റിംഗ് ചെലവുകളിൽ മിതവ്യയം ഉറപ്പ് വരുത്തേണ്ടതുമാണ്.

2) ഒരേ തരം പ്രിന്റിംഗിന് വ്യത്യസ്ത നിരക്ക്

കവർ പേജുൾപ്പെടെ 42 പേജുകളുള്ള 2023-24 ലെ കരട് പദ്ധതിരേഖ പ്രിന്റ് ചെയ്തതിന് 8,850 രൂപ (സാംഗ്ഷൻ ഓർഡർ നം.241/06.03.2023) ചെലവഴിച്ചിട്ടുണ്ട്. എന്നാൽ കവർ പേജുൾപ്പെടെ 38 പേജുകളുള്ള 2022-23 വർഷത്തെ കരട് പദ്ധതി രേഖ പ്രിന്റ് ചെയ്തതിന് 12,250 രൂപ (സാംഗ്ഷൻ ഓർഡർ നം.30/28.06.2022) ബ്രൈറ്റ് പ്രിന്റിംഗ് & ഡിസൈൻ എന്ന സ്ഥാപനത്തിന് നൽകിയതായി കാണുന്നു. 3 പേജ് കുറവുള്ള പ്രിന്റിംഗിന് പ്രവൃത്തിക്ക് കൂടിയ നിരക്ക് ഈടാക്കിയതിന് വിശദീകരണം നൽകേണ്ടതാണ്. 12,250 രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

പ്രിന്റിംഗിന് ക്വട്ടേഷൻ നിരക്കുകൾ മാത്രമേ ഈടാക്കുന്നുള്ളൂവെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-21 അംഗൻവാടികൾക്ക് കുഴൽക്കിണർ - പ്രവൃത്തി ആരംഭിച്ചില്ല

നിർവ്വഹണം – സെക്രട്ടറി.

| | |
|---|---|
| പ്രൊജക്ട് നമ്പർ - 276/22-23<br>അടങ്കൽ - 1800000<br>ചെലവ് - 215613 (CFC)<br>സാംഗ്ഷൻ ഓർഡർ -<br>400/31.03.23 | പ്രൊജക്ട് നമ്പർ - 275/22-23<br>അടങ്കൽ - 442757<br>ചെലവ് - 30960 (CFC)<br>സാംഗ്ഷൻ ഓർഡർ -<br>240/06.03.23 |

ഗ്രാമപഞ്ചായത്തിലെ അംഗൻവാടികളിൽ ശുദ്ധജലമെത്തിക്കുന്നതിന്റെ ഭാഗമായി പ്രൊജക്ട് നമ്പർ 275/22-23 പ്രകാരം കുഴൽക്കിണർ നിർമ്മിക്കുന്നതിന് മുന്നോടിയായി 16 അംഗൻവാടികളിൽ ഭൂജലപര്യവേക്ഷണം നടത്തുന്നതിന് കോഴിക്കോട് ഭൂജലവകുപ്പ് ജില്ലാ ഓഫീസിൽ 30,960 രൂപ ഡെപ്പോസിറ്റ് ചെയ്തതിന്റെ അടിസ്ഥാനത്തിൽ, 10 അംഗൻവാടികളിൽ കുഴൽക്കിണർ നിർമ്മിക്കുന്നതിനും 6 അംഗൻവാടികളിൽ തുറന്ന കിണർ നിർമ്മിക്കാനും ഭൂജല വകുപ്പ് സർവ്വെ റിപ്പോർട്ട് നൽകിയിട്ടുണ്ട്. പ്രൊജക്ട് നമ്പർ 276/22-23 പ്രകാരം ചീക്കിലോട്ട്, ചെറിയാണ്ടിയിൽ, പന്തപ്പൊയിൽ, തറോപ്പൊയിൽ എന്നീ 4 അംഗൻവാടികളിൽ കുഴൽക്കിണർ നിർമ്മിക്കുന്നതിന് ഭൂജലവകുപ്പിൽ 2,15,613 രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ കുഴൽക്കിണറിന്റേയോ തുറന്ന കിണറിന്റേയോ നിർമ്മാണം ഓഡിറ്റ് തിയ്യതിവരെ ആരംഭിച്ചിട്ടില്ല. കിണർ നിർമ്മാണം പൂർത്തിയാക്കി അംഗൻവാടികളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. 2,15,613 രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-22 പ്രൊക്യുയർമെന്റ് മാന്വലിലെ വ്യവസ്ഥകൾ പാലിക്കാതെ വാങ്ങലുകൾ നടത്തുന്നു

തദ്ദേശ ഭരണ സ്ഥാപനങ്ങളിലേക്കുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിന് ജി.ഒ (പി) നം.259/2010/തസ്വഭവ. തി.8.11.2010 പ്രകാരം സർക്കാർ പ്രൊക്യുയർമെന്റ് മാന്വലിന് രൂപം നൽകിയിട്ടുണ്ട്. ഓരോ സാമ്പത്തിക വർഷവും തദ്ദേശ ഭരണ സ്ഥാപനങ്ങളിലേക്കാവശ്യമായ സാധനങ്ങളും സേവനങ്ങളും കുറഞ്ഞ ചെലവിൽ മികച്ച ഗുണനിലവാരം ഉറപ്പുവരുത്തി ഒന്നിച്ച് വാങ്ങുക എന്നതാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. സാമ്പത്തിക വർഷാരംഭത്തിൽ തന്നെ സ്ഥാപനത്തിന് വേണ്ട സാധനങ്ങളുടെയും സേവനങ്ങളുടെയും ലിസ്റ്റ് തയ്യാറാക്കി അനുയോജ്യമായ സമാഹരണ പദ്ധതികളിലൂടെ സമാഹരിക്കേണ്ടതാണ്.

എന്നാൽ ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിലെ വാങ്ങലുകളുടെ കാര്യത്തിൽ പ്രൊക്യുയർമെന്റ് മാന്വലിലെ വ്യവസ്ഥകൾ പാലിച്ചതായി കാണുന്നില്ല. ലാപ്ടോപ് വാങ്ങുന്നതിനായി സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, വി.ഇ.ഒ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നം. | നിർവ്വഹണം | വാങ്ങിയ എണ്ണം | വില | റിമാർക്സ് |
|---|---|---|---|---|
| 72/23 | സെക്രട്ടറി | 1 | 38,904 | ഓഫീസ് ആവശ്യം |
| 182/23 | അസിസ്റ്റന്റ് സെക്രട്ടറി | 7<br>2 | 41,794<br>44,501 | രണ്ട് ബില്ലുകളിലായി ആകെ 9 എണ്ണം.S.C വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നതിന് |
| 222/23 | വിഇഒ | 1 | 43,094 | ഓഫീസ് ആവശ്യം |

ലാപ്ടോപ്പുകൾ വാങ്ങിയത് GEM പോർട്ടൽ മുഖേനയാണ്.തൃശ്ശൂർ കുന്നംകുളത്തെ വിശ്വാസ് എന്ന സ്ഥാപനം HP കമ്പനിയുടെ ഉബുണ്ടു മീഡിയം സ്പെസിഫിക്കേഷനിലുള്ള കമ്പ്യൂട്ടറുകളാണ് സപ്ലൈ ചെയ്തത്. മേൽ വിശദാംശങ്ങളിൽ നിന്നും ഒരേ സ്പെസിഫിക്കേഷനിലുള്ള ലാപ്ടോപ്പുകൾ വ്യത്യസ്ത നിരക്കിലാണ് വിതരണം ചെയ്തതെന്ന് കാണാം. ഇതുമൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായിട്ടുണ്ട്. 18.11.2022 ന് യോഗം ചേർന്ന പർച്ചേസ് കമ്മിറ്റി പദ്ധതി വർഷത്തെ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിന് ഓരോ നിർവ്വഹണ ഉദ്യോഗസ്ഥരെയും ചുമതലപ്പെടുത്തുകയാണ് ചെയ്തിരിക്കുന്നത്. ഇത് ശരിയായ നടപടിയല്ല. ഇവിടെ ഒരേ സാധനം വാങ്ങുന്നതിന് മൂന്ന് വ്യത്യസ്ത പ്രൊജക്ടുകൾ തയ്യാറാക്കി വാങ്ങൽ നടത്തിയത് മൂലം നഷ്ടമുണ്ടായതായി കാണാം.

വാങ്ങലുകളുടെ കാര്യത്തിൽ പ്രൊക്വയർമെന്റ് മാന്വലിലെ വ്യവസ്ഥകൾ പാലിക്കുന്നതിലെ വീഴ്ചയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/23/30.10.23) മറുപടി നൽകിയിട്ടില്ല. ഗ്രാമ പഞ്ചായത്തിലേക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്ന കാര്യത്തിൽ പ്രൊക്വയർമെന്റ് മാന്വലിലെ വ്യവസ്ഥകൾ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തി അറിയിക്കേണ്ടതാണ്.

## 1-23 ഓഡിറ്റ് റിപ്പോർട്ടുകളിൽ തുടർനടപടികൾ സ്വീകരിക്കുന്നില്ല.

2018-19, 2019-20, 2020-21, 2021-22 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾക്ക് നാളിതുവരെ ഗ്രാമപഞ്ചായത്ത് മറുപടി സമർപ്പിച്ചിട്ടില്ല. 2018-19 വർഷത്തെ റിപ്പോർട്ട് 06.12.2019ന് ഗ്രാമപഞ്ചായത്തിൽ ലഭിച്ചിട്ടുണ്ട്. 2021-22 വർഷത്തെ റിപ്പോർട്ടിൽ (ഖണ്ഡിക 1-15) ഇക്കാര്യം വിശദമായി പരാമർശിച്ചിരുന്നെങ്കിലും തുടർനടപടികൾ സ്വീകരിക്കാൻ തയ്യാറായിട്ടില്ല. ഓഡിറ്റ് റിപ്പോർട്ടുകൾ കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റേയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റേയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.
(കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ 14, 5ചട്ടങ്ങൾ). റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം റിപ്പോർട്ടിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം,സെക്ഷൻ 15(1) ചട്ടം 20,23, കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ 21(1),(2)ചട്ടങ്ങൾ)

2019-20, 2020-21, 2021-22 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ യഥാക്രമം 23.5.22, 17.6.22, 17.03.23 തീയതികളിൽ സ്ഥാപനത്തിന് ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടുകൾ നാളിതുവരെ ഭരണസമിതിയുടെ മുമ്പാകെ വരികയോ റിപ്പോർട്ടുകളിൽ എന്തെങ്കിലും തുടർ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

മേല്പറഞ്ഞതിൽ നിന്നും ഓഡിറ്റ് റിപ്പോർട്ടുകൾക്ക് മതിയായ പ്രാധാന്യം സ്ഥാപനം നല്കുന്നില്ലെന്ന് വ്യക്തമാകുന്നു. റിപ്പോർട്ടുകളിൽ പരാമർശിക്കപ്പെട്ട വിഷയങ്ങളിൽ സ്ഥാപനത്തിന്റെ ഭരണക്രമത്തേയും വരുമാന വർദ്ധനവിനേയും ആസൂത്രണ നിർവ്വഹണ പ്രക്രിയകളേയും മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങളുണ്ടെന്നിരിക്കെ, അവ നടപ്പാക്കാതെയും യാതൊരുവിധ പരിഗണനയും നല്കാതേയും റിപ്പോർട്ടുകൾ അവഗണിക്കപ്പെടുകയാണുണ്ടായത്. ഇത് കൊണ്ട് തന്നെ വിവിധ വിഷയങ്ങളിൽ ഉന്നയിക്കപ്പെട്ട പോരായ്മകൾ പരിഹരിക്കപ്പെടാതെ, മുൻ റിപ്പോർട്ടുകളിൽ പരാമർശിക്കപ്പെട്ട അവസ്ഥയിൽ തന്നെ തുടരുന്നുണ്ടെന്ന് കാണുന്നു.

മുൻറിപ്പോർട്ടിൽ പരാമർശമുണ്ടായിട്ടും അപാകതകൾ പരിഹരിക്കാനുള്ള നടപടി സ്വീകരിക്കുകയോ വിശദീകരണം നൽകുകയോ ചെയ്തിട്ടില്ല. വിശദീകരണം നല്കേണ്ടതും റിപ്പോർട്ടിൽ പരാമർശിച്ച കാര്യങ്ങളിൽ നടപടി സ്വീകരിച്ച് അക്കാര്യം റിപ്പോർട്ടു ചെയ്യേണ്ടതുമാണ്.

## 1-24 ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ കെട്ടിടത്തിന് ആവശ്യമായ സൗകര്യമില്ലാത്തതും മറ്റ് അപാകതകളും

പദ്ധതി വർഷം ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ പ്രവർത്തനവുമായി ബന്ധപ്പെട്ട് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| ഇംപ്ലിമെന്റിംഗ് ഓഫീസർ | അസി.സെക്രട്ടറി |
| പ്രൊ.നം | 193/23 |
| അടങ്കൽ | 800000 |
| ഫണ്ടിനം | വികസന ഫണ്ട് |
| ചെലവ് തുക | 662150 |
| ബിൽനം.തി. | 741/23/17.8.22 |

ഗ്രാമപഞ്ചായത്തിൽ 1998 മുതൽ തണ്ണീർപ്പന്തൽ എന്ന സ്ഥലത്ത് ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ പ്രവർത്തിക്കുന്നുണ്ട്. നിലവിൽ സാംസ്കാരികകേന്ദ്രം പ്രവർത്തിക്കുന്ന കെട്ടിടത്തിലാണ് ഇത് പ്രവർത്തിച്ച് വരുന്നത്. എന്നാൽ ഈ കെട്ടിടത്തിൽ ആവശ്യമായ സൗകര്യങ്ങൾ ഇല്ല. ക്ലാസ് എടുക്കുന്നതിനും, ഭക്ഷണം കഴിക്കുന്നതിനും വൊക്കേഷണൽ ട്രെയിനിംഗിനുമെല്ലാം ഒരു റൂം മാത്രമേയുള്ളൂ. സ്ഥാപനത്തിൽ 50 പേർ രജിസ്റ്റർ ചെയ്തെങ്കിലും സ്ഥിരമായി 16 കുട്ടികളാണ് പഠിച്ച് കൊണ്ടിരിക്കുന്നത്. മുഴുവൻ പേരും സ്ഥാപനത്തിൽ എത്തുന്നില്ല. നിലവിൽ ഒരു ടീച്ചറും ഹെൽപ്പറുമാണ് ഇവിടെ ഉള്ളത്. സ്പീച്ച് തെറാപ്പി, ഫിസിയോ തെറാപ്പി എന്നിവയ്ക്ക് ടീച്ചർമാരെ നിയമിച്ചിട്ടില്ല. മേഖലയുമായി ബന്ധപ്പെട്ട സ്റ്റാറ്റസ് റിപ്പോർട്ട് പൂർണ്ണമല്ല. ഗ്രാമ പഞ്ചായത്തിലെ മാനസികമായി ഭിന്നശേഷിക്കാരായ മുഴുവൻ ആളുകൾക്കും ബി.ആർ.സി യുടെ സേവനം ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല. സ്ഥാപനം സാമൂഹ്യ നീതി വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 24/23/30.10.23) മറുപടി നൽകിയിട്ടില്ല. ബി ആർ.സി പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-25 മൃഗസംരക്ഷണ മേഖലയിൽ പദ്ധതികൾ ആവിഷ്കരിക്കുന്നതിൽ വീഴ്ച

മൃഗസംരക്ഷണ മേഖലയിൽ വൈവിധ്യമാർന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല. ഓഡിറ്റ് വർഷം രണ്ട് പദ്ധതികൾ മാത്രമാണ് നടപ്പാക്കിയത്. മൃഗാശുപത്രിയിലേക്ക് മരുന്ന വാങ്ങൽ, മുട്ടക്കോഴി വളർത്തൽ (വനിത) എന്നിവയാണ് നടപ്പാക്കിയത്. സ.ഉ.(കൈ) നം.84/2022 തസ്വഭവ. തി.19.04.2022 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖയിൽ ഉൽപ്പാദന മേഖലയുടെ സ്ഥായിയായ വളർച്ച ഉറപ്പുവരുത്തുന്നതിനാവശ്യമായ പദ്ധതികളാവിഷ്കരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൽ മുട്ട, മാംസം എന്നിവയുടെ ഉത്പാദനവും ഉത്പന്നങ്ങളുടെ സംസ്കരണവും വിപണനവും മെച്ചപ്പെടുത്തുന്നതിനാവശ്യമായ പദ്ധതികൾ ഏറ്റെടുത്ത് നിർവ്വഹണം നടത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത്തരത്തിലുള്ള പദ്ധതികൾ നിർവ്വഹണം നടത്തുന്നതിൽ ഗ്രാമപഞ്ചായത്ത് പൂർണ്ണമായി വിജയിച്ചിട്ടില്ല.

പതിനാലാം പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് അഞ്ച് വർഷത്തേക്കുള്ള (2022-2027) സ്റ്റാറ്റസ് റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിലും, ഇത് ഓരോ വികസനമേഖലയെക്കുറിച്ചും സമഗ്രമായി പഠിച്ച് തയ്യാറാക്കിയതല്ല. കഴിഞ്ഞ പദ്ധതി വർഷങ്ങളിൽ നടപ്പാക്കിയ പദ്ധതികളുടെ ലിസ്റ്റാണ് പ്രധാനമായും ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മേഖലയുടെ വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ നിരവധി പദ്ധതികൾ ഈ കാലയളവിൽ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ടെങ്കിലും ഇവയൊന്നും തന്നെ നടപ്പാക്കാൻ സാധിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിലെ മുഖ്യ സമ്പത്തിക പ്രവർത്തനം കൃഷിയും മൃഗസംഗക്ഷണവുമായി ബന്ധപ്പെട്ടതാണെന്ന് സ്റ്റാറ്റസ് റിപ്പോർട്ടിൽ സൂചിപ്പിട്ടിട്ടുണ്ട്. എന്നാൽ മേഖലയുടെ പ്രാധാന്യം തിരിച്ചറിഞ്ഞ് പദ്ധതി ആവിഷ്കരിക്കാൻ സാധിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.25/23/30.10.23) മറുപടി ലഭിച്ചിട്ടില്ല. മൃഗസംരക്ഷണ മേഖലയിൽ വൈവിധ്യമാർന്നതും സമഗ്രവുമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-26 ഹരിത കർമ്മസേനയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ വീഴ്ച

സ.ഉ (സാധാ) നം. 2420/തസ്വഭവ/തി.15.07.2017 ഉത്തരവ് പ്രകാരം ഹരിതകേരളം പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കായി ഹരിത കർമ്മ സേന രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. 17 വാർഡുകളിലായി 26 അംഗങ്ങളാണ് ഇതിൽ പ്രവർത്തിക്കുന്നത്. കൃത്യമായ ഇടവേളകളിൽ മാലിന്യം ശേഖരിച്ച് കയറ്റിയയച്ചു വരുന്നുണ്ട്. പ്ലാസ്റ്റിക്കും മറ്റ് മാലിന്യങ്ങളും ശേഖരിച്ച് വേർതിരിക്കുന്നതിന് ഗ്രാമപഞ്ചായത്തിൽ എം.സി.എഫ് കേന്ദ്രം സ്ഥാപിച്ചിട്ടില്ല. പഞ്ചായത്തിലെ കടമേരി തിരുവോത്ത് എന്ന സ്ഥലത്ത് വാടകയ്ക്ക് താല്കാലികമായി എം.സി.എഫ് കേന്ദ്രം പ്രവർത്തിച്ചുവരുന്നുണ്ട്. ഗ്രാമ പഞ്ചായത്തിലെ കല്ലേരി എന്ന സ്ഥലത്താണ് സ്ഥിരമായ എം.സി.എഫ് കേന്ദ്രം പണിയാൻ പഞ്ചായത്ത് ഉദ്ദേശിച്ചത്. എന്നാൽ പ്രാദേശിക എതിർപ്പുകാരണം ഇതിന് കഴിഞ്ഞിട്ടില്ല.

വാർഡുകളിൽ നിന്ന് മാലിന്യം എം.സി.എഫിലേക്ക് എത്തിക്കുന്നതിന് വാടകയ്ക്ക് വാഹന സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥയായ പദ്ധതിയിൽ യൂണിഫോം, ഗ്ലൗസ്, മറ്റ് സുരക്ഷാ ഉപകരണങ്ങൾ എന്നിവ സേനാംഗങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ നിന്നും മാലിന്യം ശേഖരിക്കുന്ന കാര്യത്തിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനം പൊതുവേ തൃപ്തികരമാണ്. പഞ്ചായത്ത് പ്ലാസ്റ്റിക് ബൈലോ അംഗീകരിച്ചിട്ടുണ്ട്.

നേച്ചർ ഗാർഡ് എന്ന കമ്പനിയാണ് റിജക്റ്റഡ് വേസ്റ്റ് കൊണ്ടുപോകുന്നത്. ഇതിനായി സെക്രട്ടറിയുമായി എഗ്രിമെന്റ് വെച്ചിട്ടുണ്ട്. വേർതിരിച്ച് കയറ്റിയയക്കുന്ന പ്ലാസ്റ്റിക്,പ്ലാസ്റ്റിക് ബോട്ടിൽ എന്നിവയുടെ തുക ഇതുവരെ ഹരിതകർമ്മ സേനയ്ക്ക് ലഭിച്ചിട്ടില്ല. യൂസർ ഫീ മുഴുവൻ പിരിച്ചെടുക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.26/22-23 30/10/23) മറുപടി നൽകിയിട്ടില്ല. ഹരിത കർമ്മസേനയുടെ പ്രവർത്തനം

കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-27 സർക്കാർ സ്കൂളിലെ വിദ്യാർത്ഥികൾക്ക് കലാകായിക മേള നടത്തിയത് പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധം

വിദ്യാഭ്യാസ മേഖലയിൽ പഞ്ചായത്തിലെ സർക്കാർ സ്കൂളുകളിലെ വിദ്യാർത്ഥികൾക്കായി കലാകായികമേള നടത്തുന്നതിന് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | ഹെഡ് മാസ്റ്റർ |
| പ്രോജക്ട് നം. | 253/23 |
| അടങ്കൽ | 25000 |
| ഫണ്ടിനം | വികസന ഫണ്ട് |
| ചെലവ് തുക | 25000/- |
| ബിൽനം. തി. | 629/23/28.03.23 |

സർക്കാർ പ്രൈമറി വിദ്യാലയത്തിലെ കുട്ടികൾക്ക് കലാപഠനത്തിനും, കായിക ക്ഷമത വർധിപ്പിക്കുന്നതിനുമായി കലാകായിക മേള നടത്തുന്നതിനാണ് ഈ പദ്ധതി നടപ്പാക്കിയത്. മൈക്ക് സെറ്റ് വാടക, ഭക്ഷണം എന്നിവയ്ക്കാണ് പ്രധാനമായും തുക ചെലവഴിച്ചിരിക്കുന്നത്. സ.ഉ (കൈ) നം.115/2022/തസ്വഭവ തി.28.05.2022 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ ഖ. 8-4 ൽ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ആർഭാടങ്ങളും അനാവശ്യ ചെലവുകളും ഉൽപ്പാദനപരമല്ലാത്ത പ്രവർത്തനങ്ങളും ഒഴിവാക്കുകയും പരമാവധി ചെലവു ചുരുക്കുകയും വേണം പ്രത്യേകം അനുവദിക്കപ്പെട്ടിട്ടുള്ളവ ഒഴികെയുള്ള മേളകൾ എന്നിവ ഒഴിവാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇതു പരിഗണിക്കാതെയാണ് സ്കൂൾ തലത്തിൽ മേള സംഘടിപ്പിച്ചിരിക്കുന്നത് ഇത് ശരിയായ നടപടിയല്ല. പദ്ധതിയുമായി ബന്ധപ്പെട്ട മോണിറ്ററിംഗ് റിപ്പോർട്ട്, പൂർത്തീകരണ സാക്ഷ്യപത്രം എന്നിയും ഹാജരാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.27/23/30.10.23) മറുപടി നൽകിയിട്ടില്ല. പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി സ്കൂളിൽ കലാകായിക മേള നടത്തുന്നതിന് ചെലവഴിച്ച തുകയ്ക്ക് സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്. ചെലവു തുക തടസ്സത്തിൽ വെയ്ക്കുന്നു.

## 1-28 റോഡ് കണക്റ്റിവിറ്റി മാപ്പിംഗ് വിശദാംശങ്ങൾ ലഭ്യമല്ല

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓഡിനേഷൻ കമ്മിറ്റിയുടെ 14.09.2021 ന് നടന്ന യോഗത്തിലെ 4.11 നമ്പർ തീരുമാന പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളിലെ ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിന്റെ ഭാഗമായി റോഡ് കണക്റ്റിവിറ്റി മാപ്പിംഗ് തയ്യാറാക്കാൻ തീരുമാനിച്ചിട്ടുണ്ട്. Kerala State Remote Sensing And Enviornment Centre തയ്യാറാക്കിയിട്ടുള്ള ഓൺലൈൻ പ്ലാറ്റ് ഫോമിന്റെയും R-Track Mobile Application ന്റെയും സേവനം പ്രയോജനപ്പെടുത്തിയാണ് ഈ പദ്ധതി നടപ്പാക്കിയത് . പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | അസി.എഞ്ചിനിയർ |
| പ്രോജക്ട് നം. | 256/23 |
| അടങ്കൽ | 51000/- |
| ഫണ്ടിനം | വികസന ഫണ്ട് |
| ചെലവ് തുക | 42000/- |
| ബിൽനം. തി. | 764/22/20.12.22 |

ഗ്രാമപഞ്ചായത്തിലെ റോഡുകളുടെ സർവ്വേ നടത്തുന്നതിനാണ് തുക ചെലവഴിച്ചിരിക്കുന്നത്. ഇതിനായി സർവ്വേ നടത്തിയ ആളുകൾക്ക് മേൽ സൂചിപ്പിച്ച പ്രകാരം തുക നൽകിയിട്ടുണ്ട്. എന്നാൽ ഇതിന്റെ ഭാഗമായി തയ്യാറാക്കിയ ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവയും ഹാജരാക്കിയിട്ടില്ല. വീഴ്ചയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.28/23/30.10.23) മറുപടി നൽകിയിട്ടില്ല. കാലികമാക്കിയ ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 തറ വിസ്തീർണത്തിനനുസരിച്ച് നികുതി നിർണ്ണയിച്ചില്ല-

പഞ്ചായത്തിൽ വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറവിസ്തീർണ്ണം ഉള്ള ഹോട്ടൽ,റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്നീ ഗണത്തിൽ പെടുന്ന കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 40 /-രൂപ നിരക്കിലും വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണം ഉള്ള ഹോട്ടൽ,റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്നീ ഗണത്തിൽ പെടുന്ന കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 50 /-രൂപ നിരക്കിലും വസ്തു നികുതി ഈടാക്കി വരുന്നു.

താഴെ പറയുന്ന വാണിജ്യ കെട്ടിടങ്ങൾക്ക് 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണം ഉണ്ടെങ്കിലും 100 ച.മീറ്റർ വരെ തറവിസ്തീർണ്ണം ഉള്ള വാണിജ്യ കെട്ടിടങ്ങളുടെ ഗണത്തിൽപെടുത്തിയാണ് നികുതി നിർണയിച്ചിട്ടുള്ളത്.

| ക്രമ നം. | കെട്ടിട നം. | ബാധകമാക്കിയ വസ്തു നികുതി നിരക്ക് | അടിസ്ഥാന വസ്തു നികുതി | ബാധകമാക്കിയ ഇളവ്/ വർദ്ധനവ് | സഞ്ചയ പ്രകാരം ഈടാക്കിയത് | ബാധകമാക്കേണ്ട വസ്തു നികുതി നിരക്ക് | അടിസ്ഥാന വസ്തു നികുതി | ഇളവ്/ വർദ്ധനവ് | വസ്തു നികുതി ഈടാക്കേണ്ടത് | വ്യത്യാസം |
|---|---|---|---|---|---|---|---|---|---|---|
| 1 | 11/878 മുതൽ 878 A19 വരെ വിസ്തീർണ്ണം 563.46 ച.മീ തറനില | 40 | 22538.4 | വർദ്ധനവ് വഴി സൌകര്യം-20%, | 27053 L.C-1361 | 50 | 28173 | വർദ്ധനവ് വഴി സൌകര്യം -20%, തറ നിർമ്മിതി-15% | 38034 L.C-1902 | 10981 L.C-541 |
| | 11/878A20 മുതൽ 878 A39 വരെ വിസ്തീർണ്ണം 608.36 ച.മീ (ഒന്നാം നില) | 40 | 24334.4 | വർദ്ധനവ് വഴി സൌകര്യം-20%, ഇളവ്-5% (ഒന്നാം നില) | 27747 L.C-1397 | 50 | 30418 | വർദ്ധനവ് വഴി സൌകര്യം-20%, തറ നിർമ്മിതി-15% ഇളവ്-5% (ഒന്നാം നില) | 39011 L.C-1951 | 11264 L.C-554 |
| 2 | 11/329 A,B,C വിസ്തീർണ്ണം 106.15ച.മീ | 40 | 4246 | വർദ്ധനവ് വഴി സൌകര്യം-20%, | 5096 L.C-256 | 50 | 5308 | വർദ്ധനവ് വഴി സൌ കര്യം-20%, | 6369 L.C-319 | 1273 L.C-63 |

നികുതി തെറ്റായി നിർണയിച്ചതു വഴി പഞ്ചായത്തിനു വസ്തു നികുതിയിനത്തിൽ നഷ്ടം

സംഭവിച്ചുകൊണ്ടിരിക്കുന്നു. മേൽകെട്ടിടം സ്ഥലപരിശോധന നടത്തി നികുതി പുനർനിർണ്ണയിക്കേണ്ടതും നികുതി വരവിൽ കുറവ് വന്ന തുക കെട്ടിട ഉടമസ്ഥനിൽ നിന്നും ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. അല്ലാത്തപക്ഷം നഷ്ടം വന്ന തുകയായ 24,676 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്നതിനായി ചാർജ് നടപടികൾക്ക് ശുപാർശ ചെയ്യുന്നതായിരിക്കും.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 25-10-2023 മുതൽ 26-10-2023 വരെ | ഇതേ നമ്പർ ഓഡിറ്റ് റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ച |

### 4-2 സംയുക്തപ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 1,18,735 | 198/22-23. നെൽകൃഷിക്ക് കൂലിച്ചെലവ് | 1,18,735 | 0 |
| | 2022-23 | 4,00,000 | 177/22-23.ലൈഫ് ഭവനപദ്ധതി -ജനറൽ | 4,00,000 | 0 |
| | 2022-23 | 2,40,000 | 176/22-23.ലൈഫ് ഭവനപദ്ധതി – എസ്സ്.സി.പി | 2,40,000 | 0 |
| | 2022-23 | 3,40,000 | 176/22-23.ലൈഫ് ഭവനപദ്ധതി പട്ടികജാതി 2021-22 | 3,40,000 | 0 |

| | | | | | |
|---|---|---|---|---|---|
| | 2022-23 | 2,50,000 | 175/22-23. ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് | 2,50,000 | 0 |
| | 2022-23 | 2,42,700 | 189/22-23. കാലിത്തീറ്റ സബ്സിഡി | 2,42,700 | 0 |
| | 2022-23 | 3,84,420 | 85/22-23.ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 3,84,420 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 5,12,225 | 198/22-23. നെൽകൃഷിക്ക് കൂലിച്ചെലവ് | 5,12,225 | 0 |
| | 2022-23 | 50,000 | 189/22-23. കാലിത്തീറ്റ സബ്സിഡി | 50,000 | 0 |
| | 2022-23 | 1,28,140 | 85/22-23. ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 1,28,140 | 0 |
| കോഴിക്കോട് കോർപ്പറേഷൻ | 2022-23 | 12,82,568 | 257/22-23. കരുവാരി തോട് നവീകരണം | 12,82,568 | 0 |
| | 2022-23 | 8,87,922 | 136/22-23. ആയഞ്ചേരി അഞ്ചുകണ്ടം കല്ലേരി തോട് നവീകരണം | 8,87,922 | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | സാംഖ്യ ബിൽ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭൂജല പര്യവേക്ഷണ വകുപ്പ് | 275/22-23 അങ്കണവാടികൾക്ക് കുഴൽ കിണർ | 240/6.03.2023 സി.എഫ്.സി. | 30960 | 30960 | 0 |
| ഭൂജല പര്യവേക്ഷണ വകുപ്പ് | 276/22-23 അങ്കണവാടികൾക്ക് കുഴൽ കിണർ പൂർത്തീകരണം | 400/31.03.2023 സി.എഫ്.സി. | 215613 | 215613 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരങ്ങൾ

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻവർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ(എം.എസ്) 68/2018 Dtd-18.05.2018 | -- | 46,12,000 | 6,54,265 | | 39,57,735 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം 17345/-രൂപ വരവുണ്ട്.

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രസീതു നമ്പർ തീയതി |
|---|---|---|---|---|
| 2019-20 | 1-21 | 17,345 | മെഡിക്കൽ ഓഫീസർ- പി.എച്ച്.സി ആയഞ്ചേരി | 1220000201/ 30-08-2022 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| | | 2014-15 (പ്ര.ക്ഷ.റി) | 5.7.1 | മൃഗസംരക്ഷണം നീക്കിവെക്കുന്ന തുകകൾ പരിമിതം | തടസ്സം തുടരുന്നു. |
| | | 2014-15 (പ്ര.ക്ഷ.റി) | 5.7.3 | മൃഗസംരക്ഷണ പദ്ധതികൾ നാമമാത്രം | തടസ്സം തുടരുന്നു. |
| | | 2014-15 (പ്ര.ക്ഷ.റി) | 5.7.9 | മൃഗാശുപത്രികളിൽ മരുന്ന് അപര്യാപതം | തടസ്സം തുടരുന്നു. |
| | | 2014-15 (പ്ര.ക്ഷ.റി) | 5.7.12 | കർഷകർക്ക് പരിശീലനം നൽകിയില്ല. | തടസ്സം തുടരുന്നു. |
| | | | 5.7.12 | ഗോരക്ഷാ ക്യാമ്പുകൾ നടത്തിയിട്ടില്ല. | തടസ്സം തുടരുന്നു. |
| | | 2014-15 (പ്ര.ക്ഷ.റി) | 5.7.12 | സംസ്ഥാന വിഹിതം ലഭ്യമാക്കുന്നതിലെ കാലതാമസം | തടസ്സം തുടരുന്നു. |
| | | 2014-15 (പ്ര.ക്ഷ.റി) | 5.7.12 | കാലിത്തീറ്റയുടെ ഗുണ നിലവാരം | തടസ്സം തുടരുന്നു. |

| | | | | | |
|---|---|---|---|---|---|
| | | | | പരിശോധിക്കുന്നില്ല. | |
| 2015-16 | 2-6 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി അപാകതകൾ | തടസ്സം തുടരുന്നു. |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

-ഇല്ല-

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

-ഇല്ല-

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (റസീറ്റ്&പേയ്മെന്റ് പ്രകാരം) | 4,31,01,874 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റസീറ്റ്&പേയ്മെന്റ് പ്രകാരം) | 3,41,01,015 |
| വരവിനങ്ങളിലുള്ള നഷ്ടം | 24,676 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6,79,539 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 (1)<br><br>2-1(2) | 23340<br><br>1336 | | ശ്രീ.സുമേഷ് കെ, സെക്രട്ടറി<br>ശ്രീ.സുനീർ കുമാർ.എം. അസിസ്റ്റന്റ് സെക്രട്ടറി, (സെക്രട്ടറി ഇൻ ചാർജ്) |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-11 | 1,50,000 | ശ്രീമതി.നയന എം ഐ.സി.ഡി.എസ് |

| | | |
|---|---|---|
| | | സൂപ്പർവൈസർ |
| 1-12 | 1,35,954 | ഡോ.ഹൃദ്യ.കെ.കെ, മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. |
| 1-13 | 92,225 | ഡോ.രാഗി.എൻ, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 1-16 | 48,497 | ഡോ.ഹൃദ്യ.കെ.കെ, മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. |
| 1-20 | 12,250 | ശ്രീ.സുമേഷ് കെ, സെക്രട്ടറി |
| 1-21 | 2,15,613 | ശ്രീ.സുജിത്ത്.പി.ടി. അസി. സെക്രട്ടറി |
| 1-27 | 25,000 | ശ്രീ.നാസർ എ,ഹെഡ്മാസ്റ്റർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സുമേഷ് കെ, സെക്രട്ടറി | സെക്രട്ടറി, ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത് | സദ്മശ്രീ, ഗുരുവായൂരപ്പൻ കോളേജ് |
| ശ്രീമതി.നയന എം ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | നായർ വീട്ടിൽ, ചെല്ലങ്കോട്, വട്ടുവൻചാലിൽ |
| ശ്രീ.നാസർ എ, ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ, ഗവ യു.പി സ്കൂൾ | 10-ഹിൽ വ്യൂ കോളനി,ചേവായൂർ |
| ഡോ.ഹൃദ്യ.കെ.കെ, | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. | ശ്രീനിലയം, ചെനക്കൽ, കാലിക്കറ്റ് യൂണിവേഴ്സിറ്റി, മലപ്പുറം |
| ശ്രീ.സുനീർ കുമാർ.എം. | അസിസ്റ്റന്റ് സെക്രട്ടറി, അഴിയൂർ ഗ്രാമപഞ്ചായത്ത് | മഠത്തിൽ, മടപ്പള്ളി കോളേജ്.പി.ഒ, 673102 |
| ഡോ.രാഗി.എൻ | മെഡിക്കൽ ഓഫീസർ, വാണിമേൽ ഹോമിയോ ഡിസ്പെൻസറി | നീലഞ്ചേരി, ചെറുകുളത്തിൽ, കോഴിക്കോട് 673008 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| | ഓഡിറ്റ് | ഈ വകുപ്പിൽ നിന്നും | തീർപ്പാക്കാൻ | റിമാർക്സ് |
|---|---|---|---|---|

| റിപ്പോർട്ട് വർഷം | പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | |
|---|---|---|---|
| 1995-96 | എൽ.എഫ് /കെകെഡി /പി5/1893/ 2013/30.01.2014 | 4 | 11, 12-3, 14, 15 |
| 1997-98 | എൽ.എഫ് /കെകെഡി/ പി9/79(2)/ 2011/01.08.2011 | 7 | |
| 2005-06 | കെ.എസ്.എ/കെ.കെ.ഡി/ പി7/399(5)/22 തി.26.04.2023 | 1 | 3-4 |
| 2008-09 | കെ.എസ്.എ/കെ.കെ.ഡി/ പി7/399(8)/22 തി.26.04.2023 | 1 | 3-11 |
| 2009-10 | കെ.എസ്.എ/കെ.കെ.ഡി/ പി7/399/22(9) തി.26.04.2023 | 2 | 3-11,3-12 |
| 2010-11 & 2011-12 | കെ.എസ്.എ/കെ.കെ.ഡി/ പി7/399(10)/22 തി.26.04.2023 | 4 | 3-7, 3-12, 3-13,3-20 |
| 2012-13 & 13-14 | കെ.എസ്.എ/കെ.കെ.ഡി/ പി7/399(11)/22 തി.26.04.2023 | 3 | 3-3,3-22,3-33 |
| 2015-16 | കെ.എസ്.എ/കെ.കെ.ഡി /പി7/399/22/26.4.2023 | 4 | 2-2, 2-6, 2-8(2),3-16 |
| 2016-17 | കെ.എസ്.എ/കെ.കെ.ഡി/ പി7/399(14) /22തി.26.04.2023 | 5 | 2-1, 3-7, 3-8, 3-9, 3-10 |
| 2017-18 | കെ.എസ്.എ/കെ.കെ.ഡി/ പി7/399(15) /22തി.26.04.2023 | 16 | 1-10(3,4,5), 1-12(2,3), 2-1, 2-2, 2-3, 2-4, 2-5, 2-6, 3-1, 3-2, 3-4, 3-6,3-7, 3-12, 3-13,3-14 |
| 2018-19 | കെ.എസ്.എ/കെ.കെ.ഡി/ പി7/399(16) /22തി.26.04.2023 | 16 | 1-12-1(1),1-12-1(3), 1-12(2),1-12(3),1-13(1) ,1-13(2),1-13-7(1,2), 1-13(8,9,10,12,13, 19,21,23) |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി/പി7 /422/2022 തീയ്യതി. 24/05/2023 | 24 | 1-1, 1-2-1, 1-6 മുതൽ 1-25 വരെ, 4-8, 4-11 |

| | | | |
|---|---|---|---|
| 2020-21 | കെ.എസ്.എ.കെ.കെ.ഡി/പി7 /980/2022 തീയ്യതി. 01/06/2022 | 20 | 1-1, 1-2-1, 1-4-1,1-5, 1-7, 1-9 മുതൽ 1-20 വരെ, 2-1, 4-8, 4-11 |
| 2021-22 | കെ.എസ്.എ.കെ.കെ.ഡി/പി7 /223/2023തീയ്യതി. 19/07/2023 | 30 | 1-1,1-2-1,1-5,1-6,1-9, 1-10, 1-11, 1-12, 1-13,1-14,1-15,1-16, 1-17,1-18,1-19,1-20 മുതൽ 1-31 വരെ, 2-1, 4-8, 4-11 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 27-06-2023 and submitted on 05-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Ayancheri Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Ayancheri Grama Panchayat for the year 2022-2023

Date: 24/11/2023

Deputy Director
District Office Kozhikode
Kerala State Audit Department

## Audit Report appended to the Audit Certificate of Ayancheri Grama Panchayat for the Year 2022-2023.

**1.Major Observations**

nil

**2.Other Observations**

1.The following mandatory financial statements prescribed in accounting rules are not submitted for audit. (1) Ratios (2) On Accounts.

2.Cash flow Statement- Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

3.Missclassification of receipt

4.Lapses in making timely and accurate demand entries in respect of tax and non tax revenue

5.Cheque deposited but not credited.

6.The demand registers are not periodically reconciled with accounts

7.Non-dosclosureofreciepts

Eg-E-tenderfee

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ ആയഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്